# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA

PHONE 8499 8234

വാല്യം 5 | 1988 ജൂലൈ 2, 9 | ലക്കം 20


## വചനത്തിൻെറ സുവർണ്ണം

കോലഞ്ചേരി മെഡിക്കൽ മിഷൻ ഹോസ്പിററലിൻെറ സ്ഥാപക നേതാവായ ചാക്കോപ്പിള്ളയുടെ ഒന്നാം ചരമ വാർഷിക ദിനമായ ജൂൺ 26–ന് അദ്ദേഹത്തിൻെറ ഛായാചിത്രം ആശുപത്രി ഓഡിറേറാറിയത്തിൽ അനാഛാദനം ചെയ്തു കൊണ്ട് പ. ബാവാ തിരുമനസുകൊണ്ട് നിർവ്വഹിച്ച അനുസ്മരണ പ്രസംഗം.



ഏവർക്കും പ്രിയങ്കരനായിരുന്ന നമ്മുടെ വാത്സല്യവാൻ ചാക്കോപ്പിള്ള നമ്മിൽനിന്നും വേർപിരിഞ്ഞിട്ട് ഒരു വർഷം തികഞ്ഞിരിക്കയാണ്. കോലഞ്ചേരി ആശുപത്രിയെപ്പററി ഓർക്കുമ്പോഠം നമ്മുടെ മനസ്സിൽ ആദ്യം എത്തുക ചാക്കോപ്പിള്ളയുടെ ചിത്രമാണ്. നാം ഇവിടെ വരുന്ന അവസരത്തിലൊക്കെയും ആദ്യം ഓടി എത്തി നമ്മെ സ്വീകരിക്കുന്നതു് അദ്ദേഹമാണ്. നാം തിരികെ പോകുന്നതുവരെയും നമ്മുടെ സുഖസൗകര്യങ്ങഠം അന്വേഷിച്ചു് ഇവിടെ നില്ക്കും. അദ്ദേഹത്തെപ്പററിയുള്ള സ്മരണകഠം പുതുക്കുന്നതിനും, പങ്കിടുന്നതിനും, അദ്ദേഹത്തിൻെറ ആത്മാവിനു് നിത്യശാന്തി പ്രാർത്ഥിക്കുന്നതിനുമാണ് നാമേവരും ഇന്നു് ഇവിടെ കൂടിയിരിക്കുന്നതു്. മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ നമ്മുടെ പ്രധാന ചുമതലയിൽ നടത്തപ്പെടുന്ന ഈ സ്ഥാപനത്തിൽ വന്നു് നിങ്ങളോടൊപ്പം ഈ അനുസ്മരണാ സമ്മേളനത്തിൽ പങ്കുചേരുവാൻ ഇടയാ

(ശേഷം 6–ാം പേജിൽ)

## സെൻട്രൽ ഭദ്രാസനം മാതൃകയാവണം പ: ബാവ

(സ്റ്റാഫ് എഡിററർ)

കോട്ടയം: സെൻട്രൽ ഭദ്രാസനം സഭയിലെ എല്ലാ ഭദ്രാസനങ്ങഠംക്കും മാതൃകയാവണം എന്നു് പ. ബാവാ തിരുമനസ്സുകൊണ്ടു് ആഹ്വാനം ചെയ്തു. ഇടവകകളുടെ ആത്മീകവും, ഭൗതികവുമായ വളർച്ചയിൽ പട്ടക്കാർ മാതൃകാപരമായ നേതൃത്വം നൽകണമെന്നും അദ്ദേഹം തുടർന്നു് ആവശ്യപ്പെട്ടു. കോട്ടയം സെൻട്രൽ ഭദ്രാസന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാതോലിക്കാ ദിനപ്പിരിവിനത്തിൽ ഭദ്രാസനത്തിൽ നിന്നുശേഖരിച്ച 35000 രൂപാ സമ്മേളനത്തിൽവച്ചു് ഭദ്രാസന സെക്രട്ടറി ഇ. ജെ. തോമസ് കോർ എപ്പിസ്കോപ്പാ പ. ബാവായെ ഏല്പിച്ചു '87–ൽ ഏററം കൂടുതൽ തുക പിരിച്ചു നല്കിയ മാർ ഏലിയാ കത്തീഡ്രൽ, മാങ്ങാനം എബൻഏസർ എന്നീ പള്ളികഠംക്കുള്ള ഷീൽഡ് സമ്മേളനത്തിൽവച്ചു് വിതരണം ചെയ്യപ്പെട്ടു.

വൈദിക ശമ്പളപദ്ധതി പ. ബാവാ തിരുമനസ്സിലെ കല്പനപ്രകാരം നടപ്പിലാക്കുവാൻ സമ്മേളനം തീരുമാനിച്ചു

## വൈദികർ ദൗത്യബോധം ഉള്ളവരായിരിക്കണം: മാർ മക്കാറിയോസ്

ഷേബാലി

ന്യൂയോർക്കു്: ഇരുപത്തിയൊന്നാം നൂററാണ്ടിലേക്കു സഭയെ നയിക്കുന്നതിൽ വൈദികർ തങ്ങഠംക്കുള്ള പങ്ക് വിസ്മരിച്ചുകൂടായെന്നു് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസ് പ്രസ്താവിച്ചു. ന്യൂയോർക്കിലെ ക്വീൻസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽചേർന്ന അമേരിക്കൻ ഭദ്രാസനത്തിൻെറ വൈദികയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു് സംസാരിക്കുകയായിരുന്നു മെത്രാപ്പോലീത്താ.

ശാസ്ത്രസാങ്കേതിക വിദ്യകളുടെ അതിനൂതനങ്ങളായ വികാസം സംഭവിച്ചുകൊണ്ടിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന വൈദികർക്കു് ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വങ്ങളുണ്ടെ

(ശേഷം 6–ാം പേജിൽ)

### പ: ബാവാ തിരുമനസിലെ പ്രോഗ്രാം

ജൂലൈ 4. രാവിലെ 11 മണി, കോട്ടയം ഏലിയാ കത്തീഡ്രൽ; വൈകുന്നേരം 4 മണി– കോട്ടയം പഴയ സിമ്മനാരിയിൽ ഗവേണിങ്ങ് ബോർഡ് മീററിംഗ്; ജൂലൈ 5 മുതൽ 8 വരെ പരിശുദ്ധ സുന്നഹദോസ്– കോട്ടയം പഴയ സിമ്മനാരി; ജൂലൈ 10 രാവിലെ 11.30 കിഴവള്ളൂർ പള്ളി; ജൂലൈ 15– കര്യാക്കോസ് ദയറാ പാമ്പാടി; ജൂലൈ 19. വൈകുന്നേരം 3 മണി. മീററിംഗ് പരുമല ഹോസ്പിററൽ; ജൂലൈ 24. രാവിലെ 11 മണി കോട്ടയം ഏലിയാ കത്തീഡ്രൽ; ജൂലൈ 25. വൈകുന്നേരം 4 മണി. മീററിംഗ് തിരുവല്ല മുൻസിപ്പാലിററി; ജൂലൈ 30. പട്ടംകൊട കിഴവള്ളൂർപ്പള്ളി.

## മദ്രാസ് മെഡിക്കൽ മിഷൻ: ആതുരസേവനരംഗത്തെ ആശാകേന്ദ്രം: സഖറിയാ മാർ ദീവന്നാസിയോസ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മദ്രാസ് ഭദ്രാസനത്തിൻെറ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുള്ള 'മദ്രാസ് മെഡിക്കൽ മിഷ്യ'നെ സംബന്ധിച്ച് നിങ്ങളെ അറിയിപ്പാൻ നമുക്കു സന്തോഷമുണ്ടു്. ഹൃദ്രോഗ ചികിൽസ മുഖ്യ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു സ്ഥാപനമാണിതു്. നാലു് ഏക്കറോളം വിസ്തീർണ്ണമുള്ള സ്ഥലം വാങ്ങിക്കഴിഞ്ഞു. ഒന്നാംകിടയിലുള്ളതും അഞ്ചു കോടി രൂപയോളം പ്രാരംഭമുതൽമുടക്കുള്ളതുമായ ചികിൽസാ കേന്ദ്രത്തിനാവശ്യമായ തീയററർ, മററു കെട്ടിടങ്ങഠം മുതലായവ നിർമ്മിക്കുന്നതിനു്, കാലതാമസം ഉണ്ടാകുമെന്നുള്ളതിനാൽ തൽക്കാലം പട്ടണത്തിലെ സുപ്രസിദ്ധമായ വിജയാ ഹോസ്പിററലിൽ, ആവശ്യമായ തീയററർകളും മുറികളും വാടകയടിസ്ഥാനത്തിൽ ക്രമീകരിച്ചു് ഇൻസ്റ്റിററ്യൂട്ട് ഓഫ് കാർഡിയോവാസ്കലാർ ഡിസീസ് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്.

1987 ജൂൺ 22–നു് ഒരു ഹൃദയ ശസ്ത്രക്രിയ ചെയ്തുകൊണ്ടാണ് ചികിൽസാ പദ്ധതി ആരംഭിച്ചതു്. ചുരുങ്ങിയ കാലയളവിൽ 160-തിലധികം ഹൃദ്രോഗ ശസ്ത്രക്രിയകഠം നടത്തിക്കഴിഞ്ഞിട്ടുണ്ടു്. ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള എമ്പതോളം രോഗികഠം അവസരം പാർത്തിരിക്കുന്നുമുണ്ടു്. ലോകപ്രസിദ്ധി നേടിയിട്ടുള്ള ഹൃദ്രോഗ ശസ്ത്രക്രിയാ വിദഗ്ധനായ ഡോക്ടർ കെ. എം. ചെറിയാൻ ഡയറക്ടറായും, വിദഗ്ധരായ ഒരു സംഘം ഡോക്ടർമാരും നേഴ്സുകളും മററും ഇവിടെ സേവനമനുഷ്ഠിക്കുന്നതിനാൽ ആശുപത്രിയുടെ യശസ്സും മതിപ്പും ചുരുങ്ങിയ കാലംകൊണ്ടു് വളരെ വർദ്ധിച്ചിട്ടുണ്ടു്. ദൈവനിയോഗവും അനുഗ്രഹവും ഈ സ്ഥാപനത്തിലെ പ്രവർത്തകർക്കു് അനുഭവപ്പെടുന്നുണ്ടു്. നിർദ്ധനരായ ഹൃദ്രോഗികഠംക്കു് സൗജന്യമായി എല്ലാ ചികിൽസകളും ലഭ്യമാക്കുന്ന ഒരു പരിപാടി ഈ ആശുപത്രിയുടെ ഒരു പ്രത്യേകതയാണ് അർഹരായ 20% രോഗികഠംക്കു് ഈ

(ശേഷം 6–ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 ജൂലൈ 2, 9 ലക്കം 20

# ഉപ്പു കാരമില്ലാതെ പോയാൽ

ഓരോ സൃഷ്ടിയും അതതിനെകൊണ്ട് എന്ന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അത് നിർവിഘ്നം നിർവ്വഹിക്കണമെന്ന് എല്ലാവരും അഭിലഷിക്കുന്നത് സ്വാഭാവികംതന്നെ. ഒരു 'വാച്ച്' സമയം കാണിക്കണം; അതും കൃത്യമായി. അല്ലെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. പടക്കം കത്തിച്ചിട്ടിട്ട് കാതടപ്പിക്കുന്ന ശബ്ദംകേൾക്കാൻ കാത്തിരുന്ന് ഏറെ നേരം കഴിഞ്ഞിട്ടും പടക്കം പൊട്ടാതെയിരുന്നാൽ അത് കത്തിച്ചയാളിൻെറ പ്രതികരണം എങ്ങനെയിരിക്കും? അപ്പോൾ ഓരോ വ്യക്തിയിൽനിന്നും, വസ്തുവിൽനിന്നും ചില പ്രത്യേക വൃത്തികൾ (functions) പ്രതീക്ഷിക്കുന്നുണ്ട്. അത് ഉണ്ടായില്ലെങ്കിൽ ചിലയിടങ്ങളെല്ലാം നിരാശയോ ദുഃഖമോ നിഴലിടും. 'ഇല്ലാത്ത കാശുണ്ടാക്കി' കുട്ടികളെ പഠിപ്പിക്കുകയോ വ്യവസായം ആരംഭിക്കുകയോ ചെയ്തിട്ട് അവയിൽനിന്നും യാതൊരു പ്രതിഫലവും (returns) ഉണ്ടാകാതെയിരുന്നാൽ കാശുമുടക്കിയയാളിന് നിരാശയുണ്ടാകാൻ പാടില്ല എന്നു പറയാമോ. ഉപ്പ് വലിയ വിലയില്ലാത്ത എന്നാൽ അത്യധികം ഉപകാരിയായ ഒരു വസ്തുവാണ്. കാരണം അതിൻെറ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ വളരെവേഗം ശ്രദ്ധിക്കപ്പെടും—അതാണല്ലോ 'പ്രാധാന്യ'ത്തിൻെറ മുഖ്യമായ മാനദണ്ഡം.

ഉപ്പുരസം നഷ്ടപ്പെട്ട 'ഉപ്പ്', ഉപ്പല്ല വെറും മണ്ണുമാത്രം. അതുകൊണ്ട് പ്രത്യേകിച്ച് ഒരുപയോഗവുമില്ലാതെ 'നിലത്തിനും വളത്തിനും കൊള്ളാതെ ഉപേക്ഷിക്കപ്പെടുന്നു. ചില മനുഷ്യരുടെ സ്ഥിതിയും ഇതുതന്നെയല്ലേ? വിശേഷിപ്പിച്ചും ചില പ്രത്യേക സ്ഥാനങ്ങളിൽ ആയിരിക്കുന്നവരുടെ?

ശാബതാചരണം ആവശ്യമാണ്; ശാബതിൽ മററു വേലയൊന്നും ചെയ്യാൻ പാടില്ല. പക്ഷെ ശാബതിൽ, ആപത്തിലായവനെ രക്ഷിപ്പാൻ പാടില്ല എന്നു പറയുന്നെങ്കിൽ അത് ശാബതാചരണത്തിലുള്ള തീക്ഷ്ണതകൊണ്ടാകാനിടയില്ല. ഒരു വലിയ വിരുന്നിനു ക്ഷണിയ്ക്കപ്പെടുകയും, സമയമാകുമ്പോൾ ഒഴിവുകഴിവു പറഞ്ഞു മാറുകയും ചെയ്യുന്നവൻ 'അതിഥി' എന്ന മാന്യവിശേഷണത്തിനർഹനല്ല. അവൻെറ സ്ഥാനം, നേരത്തെ ക്ഷണിക്കപ്പെടാത്തവരെങ്കിലും അർഹരായ മററുള്ളവർക്കു ലഭിക്കും. പണി പൂർത്തിയാക്കാൻ കഴിയുമോ

## ധ്യാനപീഠം

എന്നു മുന്നമേ ചിന്തിക്കാൻ ശ്രദ്ധിക്കാതെ വീടുപണി ആരംഭിച്ചിട്ട് പകുതിയെത്തി അങ്ങനെ നില്ക്കുന്നവൻ ശരിയായ ബുദ്ധിമാനോ? ഒരിക്കലുമല്ല. തന്നെ ആക്രമിക്കാൻ വരുന്ന ശത്രുവിൻെറ ബലത്തെക്കുറിച്ചു മനസ്സിലാക്കാൻ ശ്രമിക്കാതെ വെറുതെ യുദ്ധത്തിനു പുറപ്പെടുന്നവൻ ബുദ്ധിമാനായ യോദ്ധാവോ? ഒരിക്കലുമല്ല. തനിക്കുള്ളതെല്ലാം സ്വമനസ്സാ വിട്ടുകളയാതെ യേശുക്രിസ്തുവിൻെറ ശിഷ്യനാകാൻ ശ്രമിക്കുന്നവൻ അതുപോലെ വിഫലനായ മനുഷ്യൻതന്നെ എന്നു കർത്താവു പറയുന്നു.

ഒരാൾ യഥാർത്ഥത്തിൽ യേശുവിൻെറ ശിഷ്യനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ അതിന് ഒരു വില നൽകേണം. ലോകത്തിൽ ഏററവും വിലപിടിപ്പുള്ളത് എന്ന് കരുതുന്നതുൾപ്പെടെ എല്ലാം ഉപേക്ഷിക്കാൻ തയ്യാറാകുന്നതാണ് ആ വില. അതിനു മനസ്സാകാതെ, താൻ ക്രിസ്തുശിഷ്യനാണെന്നു പറയുന്നതിൽ യാതൊരു കഴമ്പുമില്ല. ക്രിസ്ത്യാനി എന്ന മേലെഴുത്തും വേണം, എന്നാൽ യാതൊന്നും ഉപേക്ഷിക്കാൻ മനസ്സുമില്ല— അങ്ങനെയൊരാൾ ഒരിക്കലും ഒരു ക്രിസ്തുശിഷ്യനാകാൻ കഴിയില്ല. ഇന്ന് ക്രിസ്ത്യാനികളെന്നോ, തിരഞ്ഞെടുക്കപ്പെട്ടവർ എന്നോ ഒക്കെ ഊററംകൊള്ളുന്നവർ, ഈ അളവുകോൽ വച്ചു പരിശോധിച്ചാൽ കാരം നഷ്ടപ്പെട്ട ഉപ്പിനു സാദൃശ്യമല്ലേ?

ഏതുതരം ജീവിതമായാലും അതിനു ഒരു വില നൽകേണ്ടതുണ്ട്. അത് ചില നിബന്ധനകൾക്കും അച്ചടക്കത്തിനും വിധേയമായിരിക്കണം. ഒരു വേഷംകെട്ടിയിട്ട്, മറെറാരു വേഷത്തിൻെറ 'റോൾ' ആടുവാൻ തുടങ്ങിയാൽ ആർക്കെന്തു ഗുണം? പലരും പ്രതിഷ്ഠാജീവിതത്തിൻെറ വിവിധ ശ്രേണികളിലേക്ക് വളരെ ആവേശത്തോടെ പ്രവേശിക്കും. പക്ഷെ പ്രതിഷ്ഠാജീവിതത്തിൻെറ ബാഹ്യ ഉടയാടകൾ അണിഞ്ഞ് കുറെ കഴിയുമ്പോൾ അവരിൽ 'ലോകം' പ്രവേശിക്കാൻ തുടങ്ങും. പിന്നെ അവർ പ്രതിഷ്ഠാബോധമുള്ളവരെന്ന് എങ്ങനെ പറയും.

രോഗത്തിലും വേദനയിലുമിരിക്കുന്നവരെ സേവിക്കാൻ വൈദ്യവൃത്തിയിൽ പ്രവേശിക്കുന്നവർ, പേരു നേടിക്കഴിഞ്ഞ്, പാവപ്പെട്ടവരെ ഞെക്കിപ്പിഴിഞ്ഞ് ലക്ഷപ്രഭുക്കളായി മണിമാളിക കെട്ടുമ്പോൾ അവർ കാരം നഷ്ടപ്പെട്ട ഉപ്പല്ലാതെ മറെറന്താണ്? ആത്മീകവും ലൗകീകവുമായ ജീവിതരംഗങ്ങളിൽ കർത്താവിൻെറ ചോദ്യം ഇന്നും മാറെറാലികൊള്ളുന്നു. 'ഉപ്പു കാരമില്ലാതെ പോയാൽ അതിനെ എന്തുകൊണ്ടു രസം വരുത്താം?'

ഇങ്ങനെ വെറും 'വേഷവു'മായി ജീവിക്കയും, വലിയ സേവനസിദ്ധാന്തങ്ങൾ പ്രഘോഷിക്കയും ചെയ്യുന്നവർ മൂലമല്ലേ, ഇന്ന് സമൂഹത്തിൽ അവ്യവസ്ഥിതിയും, അസമത്വവും, അസ്വസ്ഥതയും അരാജകത്വവും നടമാടുന്നത്?

**പ്രാർത്ഥന:** 'എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്യുന്നത് എൻെറ ആഹാരം' എന്ന് അരുളിയ യേശുക്രിസ്തു! ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരായി അധഃപതിക്കാതെ, ഞങ്ങളെ വിളിച്ചിരിക്കുന്ന വിളിയിൽ വഞ്ചന കാട്ടാതെ എത്രയും ആത്മാർത്ഥമായി ജീവിക്കാനും പ്രവർത്തിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. എല്ലാ മുഖംമൂടികളും, അഭിനയവും അവസാനിപ്പിച്ച് സത്യത്തിൽ നിൻെറ ദാസരും ശുശ്രൂഷകരുമായി ജീവിപ്പാൻ ഞങ്ങളിൽ നിൻെറ സത്യവെളിച്ചം പ്രകാശിപ്പിക്കണമേ!

**ചിന്താവിഷയം:** ലൂക്കോസ് 14:34 ഉപ്പു നല്ലതു തന്നെ; ഉപ്പു കാരമില്ലാതായാൽ എന്തോന്നുകൊണ്ട് അതിനു രസം വരുത്താം?'

**ഫാ: ജേക്കബ് ചെറിയാൻ**

---

ചർച്ചാവേദി ചർച്ചാവേദി ചർച്ചാവേദി

# മാനേജ്മെൻറും സെക്രട്ടറിയേററും

**ഫാ: പി സി. ഗീവറുഗീസ് അമേരിക്ക**
(ഹെറാൾഡ് ഉപദേശക സമിതിയംഗം)

> ''മാനേജ്മെൻറും, സെക്രട്ടറിയേററും'' പുതിയ ചർച്ച ആരംഭിക്കുന്നു. സഭയുടെ അനുദിനഭരണത്തിന് സെക്രട്ടറിയേററിൻെറ പ്രസക്തി വിശദമായി ലേഖകൻ ഇതിൽ പ്രതിപാദിക്കുന്നു. മാന്യ വായനക്കാർ ഈ വിഷയത്തിന് അനുബന്ധമായി ക്രിയാത്മക പ്രതികരണങ്ങൾ അയച്ചു തന്നു ഈ ചർച്ച സജീവമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആത്മികമോ ലൗകികമോ ആയ ഏതു സംഘടനയ്ക്കും അതിൻെറ സുഗമമായ ക്രമീകരണത്തിനും നടത്തിപ്പിനും വിദ്യാസമ്പന്നരും, ചിന്താശീലരും, ദീർഘ വീക്ഷണമുള്ളവരും, ബുദ്ധിശാലികളും ദയാശീലരും, സൽസ്വഭാവികളും മനുഷ്യസ്നേഹമുള്ളവരുമായ മാനേജർമാരും, മാനേജരുടെ സഹപ്രവർത്തകരായ ഒരു സെക്രട്ടറിയേററ് പ്രവർത്തകരും അത്യാവശ്യമാണ്. പുരാതന കാലത്ത് രാജകൊട്ടാരങ്ങളിൽ അംഗരക്ഷകന്മാരും ഉപദേഷ്ടാക്കളായ മന്ത്രിമാരും, പ്രശ്നക്കാരും, ബഫൂണന്മാരും ഉണ്ടായിരുന്നതായി കാണുന്നുണ്ട്. ഒരു മാനേജർ മുകളിൽ പറഞ്ഞ എല്ലാക്കാര്യങ്ങളുടേയും ചുമതല വഹിയ്ക്കുക എന്നുള്ളതല്ലാതെ എല്ലാവരുടേയും ജോലി ചെയ്യുക സാദ്ധ്യമല്ലല്ലോ. ആധുനിക യുഗത്തിൽ മേല്പറഞ്ഞ എല്ലാ ഭാഗങ്ങളും അല്പംകൂടി വ്യത്യസ്തമായ നിലയിൽ പ്രയോഗമിച്ചിട്ടുണ്ട് എന്നല്ലാതെ ആശയത്തിൽ ഒരു വ്യത്യാസവും വന്നിട്ടില്ല.

### മാനേജ്മെൻറിൻെറ ആവശ്യം

ഏതു പ്രസ്ഥാനത്തിനും അതിൻേറതായ ഒരു ഭരണകൂടവും അതിന് ഒരു തലവനും ഉണ്ടായിരിക്കണം. തലവൻെറ ഉത്തരവാദിത്വത്തിൽ നടക്കുന്ന ഭരണം ഒരു കാലത്തും സ്വാർത്ഥത നിറഞ്ഞതാകുവാൻ പാടില്ല. മൂന്നു നിലയിലുള്ള ചുമതലകളാണ് ഈ മാനേജർക്കുള്ളത്. പ്ലാനിംഗ്, ഓർഗനൈസിംഗ്, ഇംപ്ളിമെൻറിംഗ്.

### പ്ളാനിംഗ് വിഭാഗം

വി. വേദപുസ്തകത്തിൽ പറയുന്ന പ്രകാരം ഒരുവൻ ഒരു ഭവനം പണിയുവാൻ ആരംഭിച്ചാൽ ആദ്യമായി അതു തീർക്കുവാൻ കഴിവുണ്ടോ എന്നാലോചിക്കട്ടെ. എത്രമാത്രം പണം കയ്യിലുണ്ട്. എത്രകൂടെ ഉണ്ടാകണം പണത്തിൻെറ വലിപ്പമനുസരിച്ച് എത്ര വലിയ ഭവനം പണിയണം എത്രനാൾകൊണ്ട് പണിഞ്ഞു തീരുവാൻ സാധിക്കും ഇവയെക്കുറിച്ച് സ്വയമായി ചിന്തിച്ച് ആലോചിക്കുകയും, തനിക്ക് അറിയുവാൻ പാടില്ലാത്ത മരപ്പണി, ആശാരിപ്പണി, മുതലായവകളെക്കുറിച്ച് അതിൽ അറിവുള്ളവരെക്കൂട്ടി ആലോചിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്ന അതേ നിസ്സാരമെന്ന് തോന്നുന്നതും എന്നാൽ ഏററവും ബുദ്ധിയോടും കർമ്മധീരതയോടും ചെയ്യേണ്ട ഒരു കർത്തവ്യമാണ് മാനേജരുടെ ചുമതലയിൽപ്പെട്ട പ്ളാനിംഗ് വിഭാഗത്തിന്.

### ഓർഗനൈസിംഗ് വിഭാഗം

മുകളിൽ പ്രസ്താവിച്ച പ്ലാനിംഗ് ചെയ്തു കഴിഞ്ഞു അത് നടത്തുവാൻ ബുദ്ധിയോടുകൂടി എടുക്കുന്ന തീരുമാനം കർമ്മകുശലതയോട് ക്രമീകരണം ചെയ്യുന്ന വിഭാഗമാണ് ഓർഗനൈസിംഗ് വിഭാഗം. ആദ്യത്തെ തീരുമാനമായ പ്ളാനിംഗിൻേറയും അവസാനത്തെ ഭാഗമായ ഇംപ്ലിമെൻറിംഗിൻേറയും അച്ചുതണ്ടാണ് ഓർഗനൈസിംഗ്. ഈ ഭാഗത്ത് അബദ്ധം പററിയാൽ സർവ്വ പ്ളാനുകളും നഷ്ടത്തിലാകുകയും കലഹം മനസ്സമാധാനക്കുറവ്, മുതലായ വലിയ രോഗങ്ങൾക്ക് വഴിയുണ്ടാക്കുകയും ചെയ്യും.

### ഇംപ്ളിമെൻേഷൻ വിഭാഗം

ഒരു മാനേജരുടെ ഏററവും വലിയ ബുദ്ധിയും, കഴിവും പ്രയോഗിക്കേണ്ട പ്രധാനപ്പെട്ട ഭാഗമാണ് പ്ളാൻ ചെയ്ത കാര്യങ്ങൾ നടപ്പിൽ വരുത്തുക എന്നതു്. എത്ര പ്ലാൻചെയ്താലും, ക്രമീകരണം ചെയ്താലും നടപ്പിലാക്കുവാൻ കഴിവില്ലാത്ത ഒരു മാനേജർ മരിച്ച മനുഷ്യനു് സമമായിരിക്കും. പ്ളാൻ ചെയ്ത്, ക്രമീകരണം ചെയ്ത നടപടി പ്രയോഗത്തിൽ വരുത്തിയില്ലെങ്കിൽ ഭരണകൂടത്തിൻെറ ആവശ്യമേയില്ല.

### സഭയും ഭരണകൂടവും

മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് സഭാചരിത്രം പരിശോധിച്ചാൽ ദൈവത്തിൻെറ അളവററ അനുഗ്രഹം ലഭിച്ച ഒരു സഭയാണ് എന്ന് ആർക്കും നിസ്സംശയം പറയാം. ഇത്രമാത്രം യാതനയും വേദനയും നഷ്ടവും വന്ന ഒരു സഭ ലോകത്തിൽ വേറെങ്ങും കാണുമെന്ന് തോന്നുന്നില്ല. മതപീഡനം, മാർത്തോമ്മാ സഭയുടെ ആരംഭം കത്തോലിക്കാസഭയുടെ ആഗമനം ഇംഗ്ലീഷ്മിഷനറിമാരുടെപ്രവർത്തനങ്ങൾ, റീത്തുപ്രസ്ഥാനം ഇവയെല്ലാം നമ്മുടെ സഭയെ വെട്ടി മുറിച്ചു കൊണ്ടുപോകുകയും ശീമക്കാരുടെ പക്കിബാധ എന്നും തീരാവ്യാധിപോലെ പിടിപെട്ടെങ്കിലും 20-ാം നൂററാണ്ടിൽ ഇത്ര വളർന്ന ഒരു സഭ വേറെ ലോകത്തെങ്ങുമില്ല. ഒരു വർഷം 3000 രൂപായെങ്കിലും കാതോലിക്കാ ദിനപ്പിരിവ് ലഭിച്ചാൽ നമ്മുടെ സഭയുടെ നടത്തിപ്പിനതു മതിയാകുമെന്ന് ഏതാണ്ട് 30 വർഷങ്ങൾ മുമ്പ് സഭ തീരുമാനിക്കുമായിരുന്നെങ്കിൽ മദ്രാസ്, ബോംബെ, കൽക്കട്ടെ എന്നീ ഭദ്രാസനങ്ങളിലുണ്ടായ വളർച്ചയും ശാസ്ത്രത്തിൻേറയും, ധനത്തിൻേറയും അത്യുച്ചകോടിയിൽ നിലകൊള്ളുന്ന അമേരിക്കയിലും കാനഡായിലും ഒരു ഭദ്രാസനവും, 35 ഇടവകകളും 50 ശതമാനത്തിലേറെ ഇടവകകൾക്ക് കഴിഞ്ഞ 9 വർഷങ്ങൾക്കുള്ളിൽ സ്വന്ത പള്ളികളും (ഏകദേശം 35 ലക്ഷം ഡോളർ 490 ലക്ഷം രൂപാ) ഉണ്ടായി എന്നതു് ദൈവാനു

(ശേഷം 6–ാം പേജിൽ)

## പുതിയ നോവൽ ആരംഭിക്കുന്നു

# പുതിയ പുലരികൾ തേടി

—അന്തിനാട്ട് ജോസ്

## അദ്ധ്യായം ഒന്നു്

സ്വച്ഛന്ദസുന്ദരവും നിർമ്മലവുമായ നീലാകാശം. താഴെ മേഘങ്ങളുടെ വർണ്ണാങ്കിതമായ നിഴലുകൾ വീണുകിടക്കുന്ന ഭൂമി. കന്നിമണ്ണിൽ തലേന്നു രാത്രി പെയ്ത മഴയുടെ ഗന്ധം അപ്പോഴും ഗ്രാമത്തിലാകെ തങ്ങിനിന്നിരുന്നു.

ആവോലി ഗ്രാമത്തിൻെറ ശാലീനസുഭഗമായ മുഖത്തേയ്ക്കു് ഒരു പുതിയ പ്രഭാതംകൂടി കടന്നു വരുകയാണു്. മകരത്തിലെ നനഞ്ഞ ഒരു പുലരി.

ഗ്രാമത്തിൻെറ ഒത്ത മധ്യത്തിൽത്തന്നെയാണു് വേരുങ്കൽ കറിയാച്ചൻെറ ഇരുനിരുല ബംഗ്ളാവു തലയുയർത്തി നിൽക്കുന്നതു്. തെങ്ങോലകളും കൈതപ്പൂക്കളും പൊട്ടിച്ചിരിക്കുന്ന നാട്ടിൻപുറം. ശാലീനതയുടെയും സൗഭാഗ്യത്തിൻെറയും നിദാനമായ ഗ്രാമം.

ബംഗ്ളാവിൻെറ മുകളിലത്തെ സിററൗട്ടിൽ ഒരു കസാലയിൽ ചാരിക്കിടക്കുകയാണു് കറിയാച്ചൻ.

ബംഗ്ളാവിനു മുററത്തു് കമനീയമായി അലങ്കരിച്ച ഒരു പന്തൽ ഉയർന്നു നിൽക്കുന്നു. നാനാ വർണ്ണത്തിലുള്ള പുഷ്പങ്ങൾകൊണ്ടു് അലംകൃതമായ ഒരു മുല്ലപ്പന്തൽ. പന്തലിൻെറ അലങ്കാരത്തിനുതന്നെ വലിയൊരു തുക മുടക്കിയിരിക്കുന്നു. നിരവധി ദിവസങ്ങളായി എണ്ണമററ ജോലിക്കാർ ചേർന്നു് നിർമ്മിച്ചതാണു പന്തൽ.

കറിയാച്ചൻെറ ഇളയമകൻ ജയ്സൻെറ വിവാഹത്തിനായി കെട്ടി ഉയർത്തിയ പന്തൽ. പന്തലിനും ബംഗ്ളാവിനും ചുററും നിരവധി പേർ തിരക്കിട്ടു് ഓടിനടക്കുകയാണു്. വരനും വധുവും എത്തുമ്പോൾ അവർക്കിരിക്കാനുള്ള വിശേഷപ്പെട്ട പീഠങ്ങൾ ഒരുക്കുന്നതിനുള്ള തിരക്കിലാണു് കുറെപ്പേർ. മററുള്ളവർ കലവറ പണികൾ നടത്തുകയാണു്.

ജയ്സൻെറ വിവാഹത്തിനുള്ള ഒരുക്കം ആ ബംഗ്ളാവിൽ ആരംഭിച്ചിട്ടു് കൃത്യമായി പറഞ്ഞാൽ ഒരാഴ്ചയോളമായിരിക്കുന്നു. അന്നുമുതൽ തുടങ്ങിയ മുൻകരുതലുകൾ ഇപ്പോഴും നിലച്ചിട്ടില്ല. എത്രയും മോടിപിടിപ്പിക്കാമോ അത്രയും ഭംഗിയാക്കണമെന്നാണു് കറിയാച്ചൻെറ ആഗ്രഹം. ഇനി ഒരു കല്യാണം തൻെറ വീട്ടിൽ നടക്കാനില്ല. തൻ നിമിത്തം കഴിയുന്നതും ചടങ്ങുകൾ മോടിയാക്കണമെന്നു കറിയാച്ചൻ തീരുമാനിച്ചു.

കാര്യസ്ഥൻ വറീതുചേട്ടനു് കറിയാച്ചൻ തന്നെയാണു് എല്ലാ നിർദ്ദേശങ്ങളും കൊടുത്തിരുന്നതു്.

ജയ്സൻെറ വിവാഹച്ചടങ്ങുകൾ ഗ്രാമത്തിൻെറ മദ്ധ്യത്തിൽ തലയുയർത്തി നിൽക്കുന്ന ദേവാലയത്തിൽവച്ചു് നടന്നുകൊണ്ടിരിക്കുന്നു.

കറിയാച്ചൻ സിററൗട്ടിലിരുന്നു് ഒരിക്കൽക്കൂടി കാതോർത്തു. പള്ളിയിൽനിന്നും ചടങ്ങുകളുടെ കുളിർമ്മ പകരുന്ന സ്വരം വ്യക്തമായി കാതിലെത്തുന്നുണ്ടു്.

ആ സ്വരം അയാളുടെ കാതുകളെ കോരിത്തരിപ്പിക്കുന്നു. ഹൃദയത്തിൽ ഒരു പാതിരാപ്പൂവിൻെറ സുഗന്ധം നിറയുന്നു.

എല്ലാവരും വരനോടൊപ്പം പള്ളിയിലേയ്ക്കു് പോയിട്ടും കറിയാച്ചൻ ബംഗ്ളാവിനു ചുററും ഓടി നടന്നു് ഓരോ കാര്യങ്ങൾ ശരിയാക്കുകയായിരുന്നു. അല്പം മുമ്പാണു് അയാൾക്കു് ഒന്നു വിശ്രമിക്കാൻകൂടി തരമായതു്. അതിനു് ഏതാനും നിമിഷങ്ങൾ മുമ്പുവരെയും ഒരു യുവാവിൻെറ ഊർജ്ജസ്വലതയോടെ കാര്യങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുകയായിരുന്നു.

ഇനി ഒരുക്കങ്ങളെല്ലാം ഏതാണ്ടു പൂർത്തിയായിരിക്കുന്നു. കമനീയമായി അലങ്കരിച്ച പന്തലിൽ വിഭവസമൃദ്ധമായ പാർട്ടി സജ്ജമാകാൻ ഏതാനും മിനിററുകൾ മാത്രം മതി.

സൂര്യൻ കിഴക്കേ ചക്രവാളത്തോടു് വിടപറഞ്ഞു് നിർമ്മലമായ നീലാംബരത്തിലേയ്ക്കു് കടന്നിരിക്കുന്നു. വെയിൽ നാളങ്ങൾക്കു ശക്തിയേറുകയാണു്. തെങ്ങിൻ തലപ്പുകളിലെ മഞ്ഞുകണങ്ങൾ മാഞ്ഞു തുടങ്ങിയിരുന്നു.

വാസ്തവത്തിൽ കറിയാച്ചൻ, മുതലാളിയായിട്ടു് ഏതാനും വർഷങ്ങളെ ആയിട്ടുള്ളു. അതിനു മുമ്പുവരെ അയാൾ വെറും ഒരു സാധാരണ കൃഷിക്കാരൻ മാത്രമായിരുന്നു.

കറിയാച്ചൻെറ പിതാവു് യോഹന്നാൻചേട്ടൻ ചെറിയൊരു കൃഷിക്കാരനായിരുന്നു. ആകെയുള്ള സമ്പത്തു് വെറും മൂന്നേക്കർ സ്ഥലംമാത്രം. യോഹന്നാനു് ആണും പെണ്ണുമായി ഒരേ ഒരു മകനായിരുന്നു കറിയാച്ചൻ.

പിതാവിൻെറ മരണശേഷം കറിയാച്ചൻ കൃഷിയിൽ മുഴുകി. അങ്ങനെ ഏതാനും വർഷങ്ങൾ കടന്നുപോയി. കന്നിമണ്ണിൽ കറിയാച്ചൻെറ കൈയിലെ തൂമ്പാ ഉയരുകയും താഴുകയും ചെയ്തു. അയാൾ അഹോരാത്രം ആ മണ്ണിൽ അദ്ധ്വാനിച്ചു. അയാളുടെ നെററിയിലെ വിയർപ്പുതുള്ളികൾ വീണു് ആ മണ്ണിലെ ഓരോ തരിയും നനഞ്ഞു കുതിർന്നു.

ഒന്നിനു പത്തായി തേങ്ങയും റബ്ബറുമെല്ലാം വളർന്നു.

ക്രമേണ കറിയാച്ചൻെറ മനസ്സിൽ പുതിയൊരു ആശയം വേരൂന്നി. കൃഷിയിൽനിന്നു് ബിസിനസ്സിലേക്കു് ഒന്നു കടന്നു നോക്കുക. പണമുണ്ടാക്കാനുള്ള കുറുക്കുവഴിയായി കറിയാച്ചൻ ബിസിനസ്സിനെ കണക്കാക്കി.

അങ്ങനെ അയാൾ ഒരു ചെറിയ പലചരക്കു കച്ചവടം ടൗണിൽ ആരംഭിച്ചു. അതേത്തുടർന്നു് ഒരു ഇരുമ്പു കടയും സിമിൻറു വ്യാപാരവും തുടങ്ങി.

ക്രമേണ അതെല്ലാം പുരോഗതിയിലേയ്ക്കു് നീങ്ങി. പെട്ടെന്നു് കറിയാച്ചൻെറ മുഖച്ഛായതന്നെ മാറി. നിരവധി പുരയിടങ്ങൾ വാങ്ങി. പടിഞ്ഞാറു ഡസൻ കണക്കിനു ഹെക്ടർ നെൽപ്പാടങ്ങൾ വാങ്ങി.

ബംഗ്ലാവു് നിർമ്മിച്ചു. കാർ വാങ്ങി. സാമൂഹ്യപ്രവർത്തനങ്ങളിൽ ഇടപെട്ടു തുടങ്ങി. നാട്ടിൽ 'വിലയുണ്ടായി' നിലയുണ്ടായി. എല്ലാ പൊതുക്കാര്യങ്ങളിലും കറിയാച്ചൻ ഭാഗഭാക്കായി. അയാളില്ലാത്ത നാടില്ലെന്ന നിലയായി.

പണമുണ്ടായപ്പോഴേയ്ക്കും സുഹൃത്തുക്കളും ആരാധകരും അയാളെ തേടിയെത്തി. പണ്ടൊക്കെ മുഖം തിരിച്ചു നടന്നവർ ഇന്നു് ഓരോ കാര്യങ്ങൾക്കായി കറിയാച്ചനെ തേടിയെത്തുന്നു

കറിയാച്ചൻെറ ഭാര്യ ചേച്ചമ്മയും ഭർത്താവിൻെറ വിജയങ്ങൾക്കെല്ലാം ഒരു പരിധിവരെ കാരണക്കാരിയാണു്. അയാളുടെ എല്ലാ പ്രവർത്തനങ്ങളുടെയും താങ്ങും തണലുമാണവർ. കറിയാച്ചൻ പണക്കാരനായതോടെ ഭാവങ്ങൾക്കെല്ലാം മാററമായി. അയാളിൽ അഹങ്കാരത്തിൻെറ അലകൾ ആർത്തടിക്കാൻ തുടങ്ങി. പഴയ വിനയവും സൗമ്യഭാവവുമെല്ലാം അയാളിൽനിന്നും പോയിമറഞ്ഞു.

അക്കാര്യം ചേച്ചമ്മ പലപ്പോഴും ഭർത്താവിനോടു് പറയാറുണ്ടു്.

'നിങ്ങൾ കുറച്ചുകൂടി വിനയത്തോടെ നടക്കാൻ പഠിക്കു്. ഈ അഹങ്കാരമൊന്നും നേരത്തെ നിങ്ങൾക്കില്ലായിരുന്നല്ലോ. പണക്കാരനാകുമ്പോഴല്ലേ കൂടുതൽ എളിമയും വിനയവും ഉണ്ടാകേണ്ടതു്?'

അപ്പോഴൊക്കെ കറിയാച്ചൻ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ടു പറയും.

'എടീ, നിനക്കീലോകമെന്താണെന്നു വച്ചാൻ ഒരു ചുക്കും അറിയില്ല. പണക്കാരനാകുമ്പോൾ അതിനനുസരിച്ചുള്ള ഒരു ഗമയും നമുക്കുണ്ടാകണം. അല്ലാതെ തീരെ ചീപ്പായാൽ ഒരു കാര്യവും നടക്കില്ല. കുറച്ചു് അഹങ്കാരവും ഗർവ്വുമൊക്കെയുണ്ടെങ്കിലേ നമുക്കീ ഭൂമിയിൽ ജീവിക്കാനൊക്കൂ.... പിന്നെ ഒന്നും ഭർത്താവിനോടു് തർക്കിക്കാൻ ചേച്ചമ്മ പോകില്ല. എന്തെങ്കിലും ചെയ്യട്ടെ എന്നു് അവർ സമാധാനിക്കും.

ചേച്ചമ്മ ഒരു തങ്കപ്പെട്ട സ്ത്രീയാണു്. അവരുടെ മനസ്സിൽ കടുകോളംപോലും കളങ്കമില്ല.

കറിയാച്ചനു് രണ്ടു് ആൺമക്കളായിരുന്നു ഉണ്ടായിരുന്നതു്. വിൽസണും, ജയ്സണും. പക്ഷേ ഇന്നു് ജയ്സൺ മാത്രമെ കറിയാച്ചനു മകനായുള്ളു. ജയ്സണെക്കാൾ മൂന്നുവയസ്സു് കൂടുതലായിരുന്നു വിൽസണു്. അവൻ അയാൾക്കു് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടിട്ടു് നിരവധി വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. നീണ്ട പതിനെട്ടു് വർഷങ്ങൾ.

അതൊരു നീണ്ട സംഭവമാണു്. വിൽസൺ നാടുവിട്ടു് എങ്ങോ പോയിരിക്കുന്നു. അവൻ നഷ്ടപ്പെട്ടതിൽ കറിയാച്ചനു് തെല്ലും ദുഃഖം തോന്നിയില്ല ചേച്ചമ്മ അവനെ കാണാഞ്ഞു് എത്രയോ രാത്രികൾ നിദ്രാവിഹീനയായിരുന്നു് കണ്ണീർ വാർത്തിരിക്കുന്നു. കറിയാച്ചൻ മനുഷ്യനെക്കാളും പണത്തെ സ്നേഹിക്കുന്നു. തൻ നിമിത്തം അവനെ കാണാഞ്ഞു് അയാൾക്കു് തെല്ലും വിഷമം തോന്നിയില്ല.

'മുതലാളീ' പിന്നിൽനിന്നും ആരുടെയോ വിളികേട്ടു് കറിയാച്ചൻ മുതലാളി തിരിഞ്ഞുനോക്കി.

(തുടരും)

കവിത

## മഴവില്ലു്

ഒരു വില്ലുവെയ്ക്കുന്നു ഞാനീ വിഹായസ്സിൽ
പഴയ പ്രളയത്തെയെന്നുമോർമ്മിക്കുവാൻ,
മഴമേഘനിരകൾ മദംകൊണ്ടു വാനിൻെറ
ചുവരുമാന്താഴവുമാഞ്ഞുലച്ചീടുമ്പോ–
ളുകലെ! ഞാൻ കാണുന്നു വരവർണ്ണരാജിക–
ളൊരുമിച്ചുചേരുമലങ്കാര ചാപത്തെ!
മിന്നൽക്കൊടികളരങ്ങു തകർത്താടി–
വിണ്ണിന്നണിയറയ്ക്കുള്ളിലമരവെ,

വെടിയും പടഹവും കാറണിമുകിലിൻെറ
കൊടികളുമന്തരീക്ഷത്തിൽ നിരന്നീടവെ,
ചുഴലിക്കൊടുങ്കാററു കരയിലും കടലിലും
ചുടലനൃത്തത്തിൻെറ ചുവടുകൾ വെയ്ക്കവെ,

വയലിൽ, വരമ്പിൽ വഴികളിലൊക്കെയും
മഴനീരുപെയ്ത്തു കുതിച്ചൊഴുകീടവെ,
കാണുന്നു ചക്രവാളത്തിൻ ചെരിവിലെ
ഞാണുമുറുകിയയെൻെറ വിൺവില്ലിനെ;

ഭൂഹൃദയത്തിൽ തുടിയ്ക്കുന്ന ലോലമാം
ജീവിതസ്പന്ദം നിലയ്ക്കുന്ന നാൾവരെ,
ആദിയിലാദത്തിൻ നാസികയ്ക്കുള്ളിൽ ഞാ–
നൂതിയ ശ്വാസംനിറുത്തുന്ന നാൾവരെ,

മാരിയാലിനില്ലൊരു നാളുമുലകമെ
നാശം, നിനക്കിതു നിത്യനിയമമാം;
'നോഹ'യ്ക്കുടയാളമായി ഞാനേകിയ
മാരിവില്ലേ നീ മറയാതെ നില്ക്കുക
മാനസശുദ്ധിയാലീ മഴവില്ലിൻെറ–
യേഴ നിറങ്ങളെടുത്തണിഞ്ഞീടുക!
വെല്ലുവാൻ നന്മയാലിന്നു പ്രളയത്തെ
വില്ലു നീ നിത്യം വലംകൈയിലേന്തുക!!

രാജു പാമ്പാടി

ഗ്രന്ഥനിരൂപണം: **ജോൺ കക്കാട്ട്**

# യേശുവിൻെറ മനുഷ്യദർശനവും മാർക്സിസവും;

## ഗ്രന്ഥകർത്താ: കെ. വി. പോൾ

**പ്രസാധകർ: പുസ്തക പ്രസാധകസംഘം: വില ആറു രൂപ**

യേശുക്രിസ്തുവിൻെറ വചനങ്ങളിലെ വിപ്ലവാത്മകതയും, മാർക്സിയൻ തത്വചിന്തയും സമന്വയിപ്പിക്കാനുള്ള ശ്രമം ആധുനിക കാലഘട്ടത്തിലെ ഒരു സവിശേഷതയാണ്. ഇതേ ലക്ഷ്യത്തോടെ രചിയ്ക്കപ്പെട്ട കൃതിയാണ് ശ്രീ കെ. പി. പോളിൻെറ 'യേശുക്രിസ്തുവിൻെറ മനുഷ്യദർശനവും മാർക്സിസവും' മാങ്ങാനം കേന്ദ്രമാക്കി പ്രവത്തിക്കുന്ന പുസ്തക പ്രസാധകസംഘമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതു്. വില ആറു രൂപാ.

യേശുക്രിസ്തുവിൻെറ ജീവിത ദർശനങ്ങളെ മാർക്സിസ്റ്റു ചിന്താധാരയുമായി താരതമ്യം ചെയ്ത് എട്ടു അദ്ധ്യായങ്ങളിലായി അവതരിപ്പിച്ചിരിക്കുന്നു. കൊച്ചുകൊച്ചു അദ്ധ്യായങ്ങളിലൂടെ ഇതരം വിരിയുന്ന സമുന്നതവും, വൈരുദ്ധ്യാത്മകവുമായ രണ്ടാശയങ്ങളുടെ ഏകീകരണം ഈ കൃതിയിൽ സാധിച്ചിരിക്കുന്നു.

ദൈവപുത്രനായ യേശുക്രിസ്തുവിൻെറ വാക്യങ്ങളും, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മാർക്സിയൻ വിപ്ലവ വാക്യത്രയവും ഗ്രന്ഥത്തിൻെറ ഒന്നാം അദ്ധ്യായത്തിൽ തന്നെ സമന്വയിപ്പിച്ചിരിക്കുന്നു. ക്രിസ്തു യഥാർത്ഥമായും ഒരു വിപ്ലവത്തിനാഹ്വാനം ചെയ്തു എന്നാണ് ഗ്രന്ഥകാരൻെറ അഭിപ്രായം. എന്നാൽ ആധുനിക ക്രിസ്ത്യാനികൾ മനുഷ്യപുത്രൻ ആഹ്വാനം ചെയ്ത സ്ഥിതിസമത്വത്തിലധിഷ്ഠിതമായ രാജ്യത്തെ (സ്വർഗ്ഗരാജ്യം) മരണാനന്തര സ്വൈര്യ ജീവിത വേദിയായി തെററിദ്ധരിച്ചിരിക്കുന്നതിൽ ഗ്രന്ഥകാരൻ അമഷം കൊള്ളുന്നു.

ദൈവം ഏദൻതോട്ടം സൃഷ്ടിച്ച് ആദത്തെ അവിടെ ആക്കിയതു് തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തിൻെറ പ്രഥമാങ്കുരമാണ്. ഈ ആശയം രണ്ടാമദ്ധ്യായത്തിലുടനീളം കാണുവാൻ കഴിയും.

'ദൈവരാജ്യം ലോകരാഷ്ട്രങ്ങളിൽ എന്ന അദ്ധ്യായത്തിൽ റോമാസാമ്രാജ്യത്തിൻെറ കാലത്തെ ക്രിസ്തു ജനപീഡനങ്ങളെ പ്രഭുവർഗ്ഗത്തിൻെറ അടിമച്ചങ്ങലയായി കാണുന്ന ഗ്രന്ഥ കർത്താവ് പ്രഭുവർഗ്ഗത്തിനു പകരമായി ഇന്ന് ബൂർഷ്വാസി രംഗപ്രവേശം ചെയ്തിരിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. ദൈവരാജ്യ വിരോധികളായ ഇവരെ തുടച്ചു നീക്കേണ്ടതിൻെറ ആവശ്യകതയിലേക്ക് ഗ്രന്ഥം ക്രൈസ്തവ സമൂഹത്തെ വിപ്ലവശക്ത്യാ ആനയിക്കുന്നുണ്ട്.

'മതനിഷേധിയായ ക്രിസ്തു' എന്ന ചെറിയ അദ്ധ്യായത്തിൽ' തൻെറ കാലഘട്ടത്തിലെ കപടഭക്തിക്കാരായ യഹൂദർക്കു നേരെ ശക്തമായി ആഞ്ഞടിച്ചു കൊടും കാററായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നു. മതത്തിൻെറ ദൂഷിതവലയത്തിൽ, മനുഷ്യത്വം വിസ്മരിക്കപ്പെട്ടു പോകരുതെന്ന് ക്രിസ്തു ആഗ്രഹിച്ചു. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന മാർക്സിയൻ ആശയം ക്രിസ്തുവിൻെറ വീക്ഷണത്തിന് ഒരിക്കലും എതിരല്ല എന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

വി. വേദപുസ്തകത്തിലെ വീട്ടുടയവൻെറ ഉപമയിലൂടെ യേശുക്രിസ്തു സമത്വത്തിലധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയെ ചൂണ്ടിക്കാട്ടുകയാണ് ചെയ്തതു്. ഉപമയിൽ വീട്ടുടയവൻ വേലക്കാർക്കു് തുല്യനിരക്കിലുള്ള കൂലി നൽകുന്നതു് കമ്മ്യൂണിസ്റ്റാശയത്തിൻെറ പ്രാക് രൂപമായി കണക്കാക്കാം.

ക്രിസ്തുമാർഗ്ഗത്തേയും ക്രിസ്തുമതത്തേയും കുറിച്ച് സിദ്ധാന്തികളുടെ അഭിപ്രായത്തെ ക്രോഡീകരിക്കുകയാണ് 'ക്രിസ്തു മാർഗ്ഗവും ക്രിസ്തുമതവും' എന്ന അദ്ധ്യായത്തിൽ. ആദിമ ക്രൈസ്തവ സമൂഹം വിമോചനത്തിൻെറ വക്താക്കളായിരുന്നുവെന്നും ആധുനിക ക്രൈസ്തവ സഭ ചൂഷകരുടെ നിയന്ത്രണത്തിലായിത്തീരുകയാണുണ്ടായതെന്നുമാണവരുടെ അഭിപ്രായം.

'ക്രിസ്തുമതത്തിൽ നിന്നും ക്രിസ്തുമാർഗ്ഗത്തിലേക്കു'' എന്ന അദ്ധ്യായത്തിൽ ചൂഷകർ നിയന്ത്രിക്കുന്ന ക്രിസ്തുമതത്തിൽ നിന്നു ആദിമ കാലത്തെപ്പോലുള്ള ക്രിസ്തു മാർഗ്ഗത്തിലേക്കു് തിരിച്ചു പോകേണ്ടതിൻെറ ആവശ്യകത ചൂണ്ടിക്കാട്ടുന്നു.

'ദൈവരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവീൻ' എന്ന ക്രിസ്തുവിൻെറ ആഹ്വാനം, സ്ഥിതി സമത്വസുന്ദരമായ വ്യവസ്ഥിതിയുടെ ആഗമനത്തിൽ ഉപരിവർഗ്ഗത്തിൻേറയും, ബൂർഷ്വാസിയുടേയും നാശത്തിനായുള്ള സായുധ വിപ്ളവത്തിൻെറ മണിമുഴക്കമായി ഗ്രന്ഥകാരൻ കേൾക്കുന്നു. ഈ ആഹ്വാനത്തോടെ ഗ്രന്ഥം അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ക്രിസ്തു ദർശനങ്ങളേയും കമ്മ്യൂണിസ്റ്റാശയങ്ങളേയും സമന്വയിപ്പിക്കുന്നതിൽ ബൈബിളിൽ നിന്നുള്ള ഉദ്ധരണികളും അതിൻെറ വ്യാഖ്യാനവും വസ്തു നിഷ്ഠമായ പ്രതിപാദനത്തിന് സഹായിച്ചിട്ടുണ്ട്. അങ്ങനെ തൻെറ സിദ്ധാന്തങ്ങളെ സ്ഥാപിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം അഭിനന്ദനം, അർഹിക്കുന്നു.

എന്നാൽ ഈ ഗ്രന്ഥത്തിൽ കൂടി സിദ്ധാന്തവത്ക്കരണം നടത്തിയിട്ടുണ്ടെങ്കിലും ക്രിസ്തു ദർശനങ്ങളും, മാർക്സിസവും എങ്ങനെ പ്രായോഗിക തലത്തിൽ എത്തിക്കാം എന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ കാണുന്നില്ല. അതു് ഗ്രന്ഥത്തിൻെറ ലക്ഷ്യ പ്രാപ്തിക്കു് വിലങ്ങു തടിയായി മാറുന്നു. യേശുക്രിസ്തുവും കാറൽ മാർക്സും പരസ്പരം താരതമ്യപ്പെടുത്താവുന്ന തുല്യ ശക്തരായ രണ്ടു വ്യക്തികളല്ലെന്നിരിക്കെ ആ ഉദ്യമത്തിനു മതിരുന്നതിനു പിന്നിലെ ഔചിത്യം ചോദ്യം ചെയ്യപ്പെട്ടേക്കാമെങ്കിലും, രണ്ടു ശ്രേഷ്ഠമായ ആശയങ്ങളുടെ തുലനം ഉചിതംതന്നെ. മാർക്സിനു് വളരെ മുമ്പു തന്നെ രൂപംകൊണ്ട ആശയം എന്ന നിലയിൽ ക്രിസ്തുവിൻെറ ഉപദേശങ്ങൾ മാർക്സിനു് സ്വാധീനമായി എന്ന തത്വം ഗ്രന്ഥകാരൻ സൗകര്യപൂർവ്വം വിസ്മരിച്ചു എന്ന തോന്നൽ അനുവാചകരിൽ ഉണ്ടാകുന്നുവെങ്കിൽ അതിനും ഉത്തരവാദിത്തം ഗ്രന്ഥ കർത്താവിനു തന്നെ.

എങ്കിലും യേശുക്രിസ്തുവിൻെറ മനുഷ്യ ദർശനത്തിൻേറയും മാർക്സിസ്റ്റ് സിദ്ധാന്തങ്ങളുടേയും സത്തകളെകണ്ടെത്തി അവയെ തമ്മിൽയോജിപ്പിക്കുന്നതിനു് ഗ്രന്ഥ കർത്താവിനു കഴിഞ്ഞിട്ടുണ്ട്. ആ നിലയിൽ അദ്ദേഹത്തിൻെറ ശ്രമം അഭിനന്ദനീയം തന്നെ.

ഗ്രന്ഥനിരൂപണം **എബി കല്ലിനാൽ**

# COMMON PRAYER OF THE MALANKARA ORTHODOX CHURCH OF INDIA

**ഗ്രന്ഥകർത്താവ് ഫാ: വി ററി. തോമസ് വയലിറക്കത്ത്**

ദൈവപുത്രൻ തൻെറ മനുഷ്യാവതാരകാലത്ത് പ്രാർത്ഥനയ്ക്കു് വളരെ പ്രാധാന്യം നൽകിയിരുന്നു. പ്രാർത്ഥിപ്പാൻ അവൻ തൻെറ ശിഷ്യന്മാരെ പഠിപ്പിച്ചു. പിതാവു് നമ്മുടെ ആവശ്യങ്ങൾ അറിയുന്നുവെങ്കിലും നാം അവനോടു് ചോദിപ്പാൻ കടപ്പെട്ടിരിയ്ക്കുന്നതുകൊണ്ടു് പ്രാർത്ഥന അനുദിന ജീവിതത്തിലെ ഒരു അനിവാര്യ ഘടകമത്രെ.

ആത്മീയ ജീവിതത്തിനു പ്രാർത്ഥന അത്യാവശ്യമാണ്. നമ്മുടെ പിതാക്കന്മാർ ഏഴു യാമങ്ങളിലും മുടങ്ങാതെ പ്രാർത്ഥിച്ചിരുന്നു. എന്നാൽ മനുഷ്യൻ പുരോഗതിയിൽനിന്നു് പുരോഗതിയിലേക്കു് കടന്നു വരുന്തോറും ദൈവത്തെ മറന്നു് സ്വന്തം കഴിവിൽ അഭിമാനം കൊള്ളുന്ന ഒരു കാഴ്ചയാണ് നാം ഇന്നു കണ്ടുകൊണ്ടിരിയ്ക്കുന്നതു്. ഇങ്ങനെ പ്രാർത്ഥനയ്ക്കു് പ്രസക്തി നഷ്ടപ്പെട്ടു കൊണ്ടിരിയ്ക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിയ്ക്കുന്നതു്.

നമ്മുടെ സഭ ഇന്നു ഒരു ഭാരതീയ സഭ മാത്രമല്ല. അതു ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്നു. മലയാളമറിയാത്ത സഭാ വിശ്വാസികൾക്കു വേണ്ടി നമ്മുടെ പരിശുദ്ധ ബാവ തിരുമനസ്സുകൊണ്ടു് രചിച്ച ഇംഗ്ലീഷ് നമസ്കാരക്രമം അവർക്കു വളരെ പ്രയോജനപ്പെടുന്നു

ഏതു ഭാഷയിൽ പ്രാർത്ഥിയ്ക്കുന്നു എന്നതല്ല പ്രധാനം. മറിച്ച് പ്രാർത്ഥിയ്ക്കുമ്പോൾ മനസ്സ് ഏകാഗ്രമായിരിയ്ക്കണം. അതു മാത്രം മതി എന്നുപറയുന്നവർ കാണാമെങ്കിലും സാധാരണ ഉപയോഗിയ്ക്കുന്ന ഭാഷയിലുള്ള പ്രാർത്ഥന നമ്മളെ കൂടുതൽ അതിലേക്കു് ആകർഷിയ്ക്കുന്നു. സജീവ പങ്കാളിത്വത്തോടെ നമുക്കു അതിൽ പങ്കുകൊള്ളാൻ സാധിയ്ക്കുന്നു.

ഈ ഉദ്ദേശ്യം മുമ്പിൽ കണ്ടുകൊണ്ടാണ് ഫാ. വി. ററി. തോമസ് വയലിറക്കത്തിൽ COMMON PRAYER OF MALANKARA ORT-HODOX CHURCH OF INDIA എന്ന പ്രാർത്ഥന പുസ്തകം പ്രസദ്ധീകരിയ്ക്കുന്നതു്. നമ്മുടെ പരിശുദ്ധ കാതോലിക്കാ ബാവ തിരുമനസ്സുകൊണ്ടു് രചിച്ച ഇംഗ്ലീഷ് നമസ്കാരക്രമവും അതിൻെറ മലയാള പരിഭാഷയും ഉൾപ്പെടുത്തിയിട്ടുള്ള ഈ പുസ്തകത്തിൽ കുടുംബാരാധനക്രമവും സന്ധ്യ നമസ്കാരവും പ്രഭാത നമസ്കാരവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പ്രാർത്ഥനകളും ആരാധനകളും ഹൃദയഹാരിയാകുന്നതു് വിശ്വാസികൾ അവയുടെ അർത്ഥം മനസ്സിലാക്കി അതിൽ സംബന്ധിയ്ക്കുമ്പോഴാണ്. ഈലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണ്, പ്രാർത്ഥനയുടെ പ്രസക്തി നഷ്ടപ്പെട്ട ഈ കാലത്ത്, ദീർഘവീക്ഷണത്തോടെ പ്രസിദ്ധീകരിയ്ക്കപ്പെട്ട ഈ പുസ്തകം നമ്മുടെ സഭയ്ക്കും വളർന്നു വരുന്ന തലമുറയ്ക്കും ഒരു മുതൽക്കൂട്ടാണ്. ഈ രീതിയിൽ നമ്മുടെ ആരാധന ഗ്രന്ഥപരമ്പരയിൽ ഒരു വിശിഷ്ട കൃതികൂടി സംഭാവന ചെയ്ത ഫ. വി. ററി. തോമസ് വയലിറക്കത്തിൽ പ്രശംസയ്ക്കു് അർഹനാണ്. ഇംഗ്ലീഷ് സ്വാധീനംവളരെയേറെ ശക്തി ചെലുത്തിക്കൊണ്ടിരിയ്ക്കുന്ന ആധുനിക തലമുറയിൽ ഇത്തരം ഗ്രന്ഥങ്ങൾ വർദ്ധിച്ച സ്വാഗതത്തോടെ സ്വീകരിക്കപ്പെടുമെന്നതു് തക്കമററ സംഗതിയാണ്.

### സ്കോളർഷിപ്പിനു് അപേക്ഷ ക്ഷണിക്കുന്നു

പറപ്പള്ളിത്താഴെ മാത്യു ആൻഡ്രൂ് മറിയാമ്മ മെമ്മോറിയൽ ചാരിററബിൾ ട്രസ്ററ് (ന്യൂഡെൽഹി) ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിനിക്കു് ഒരു അദ്ധ്യയനവർഷത്തേയ്ക്കുള്ള സ്കോളർഷിപ്പിനു് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കോട്ടയം ഭദ്രാസനത്തിൽപ്പെട്ടവരായിരിക്കണം. അർഹതയുള്ളവർ ഇടവക വികാരിയുടെ സാക്ഷ്യപത്രവും, ആവശ്യമായ രേഖകളും സഹിതം മാനേജർ, ഓർത്തഡോക്സ് ഹെറാൾഡ്, ദേവലോകം, കോട്ടയം എന്ന വിലാസത്തിൽ ജൂലൈ 31-നു് മുമ്പു് അപേക്ഷിക്കുക.

### സന്യാസജീവിതത്തിലേക്ക് ക്ഷണിക്കുന്നു

മലങ്കര ഓർത്തഡോക്സ് സഭയിൽ സന്യാസ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന നല്ല ശിക്ഷണമുള്ളവരും, ദൈവിളി ബോദ്ധ്യപ്പെട്ടിട്ടുള്ള വരുമായ യുവാക്കളെ റാന്നി ബഥനി ആശ്രമത്തിലേക്ക് ക്ഷണിക്കുന്നു. പ്രീഡിഗ്രി പാസായവർക്കും, പരീക്ഷ എഴുതിയവർക്കും എസ്, എസ്, എൽ, സി പാസായവർക്കും അപേക്ഷിക്കാം. താല്പര്യമുള്ളവർ നേരിട്ടു അപേക്ഷിക്കുക. സുപ്പീരിയർ; ബഥനി ആശ്രമം റാന്നി-പെരുനാട്; പത്തനംതിട്ട.

### സ്തോത്രപ്രാർത്ഥന നടത്തി

മദ്രാസ്: മദ്രാസ് മെഡിക്കൽമിഷൻ ഹൃദ്രോഗ ചികിത്സാ വിഭാഗത്തിൻെറ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ജൂൺ 25 നു് സ്തോത്ര പ്രാർത്ഥന ആശുപത്രിയിൽ നടത്തി. അംഗങ്ങളും, അഭ്യുദയകാംക്ഷികളുമായി അനവധിയാളുകൾ പ്രാർത്ഥനയിൽ സംബന്ധിച്ചു. ഇൻസ്റ്റിററ്യൂട്ട് പ്രസിഡൻറും മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്തായും ആയ സഖറിയാസ് മാർ ദീവന്നാസ്യോസ് പ്രാർത്ഥനയ്ക്കു് നേതൃത്വം നല്കി. ഇൻസ്റ്റിററ്യൂട്ടിൻെറ ചാപ്ളയിൻ ഫാ:ററി.സി. മത്തായി യോഗ നടപടികൾ നയിച്ചു.

### വാർഷികം നടത്തി

പാമ്പാടി: പൊത്തമ്പുറം മാത്യൂസ് മാർ ഈവാനിയോസ് ഐ. ടി. സി. യിലെ പ്രാർത്ഥനാഗ്രൂപ്പിൻെറ വാർഷികസമ്മേളനത്തിൻെറ സമാപനയോഗം നടന്നു. ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ എം. കെ. കുര്യൻ, ശ്രീ ഷാജി വി. ചെറിയാൻ എന്നിവർ പ്രസംഗിച്ചു. സുരേഷ് വി. ജോർജ്ജ് സ്വാഗതവും ആൻറണി എം. ടി. കൃതജ്ഞതയും പറഞ്ഞു.

# വിശുദ്ധസഭ

# ക്രിസ്തുസഭ യഹൂദസഭയുടെ പിൻതുടർച്ചയാകുന്നു.

പ: ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് മെത്രാപ്പോലീത്താ ആയിരുന്ന കാലത്ത് പ്രസിദ്ധീകരിച്ച സഭയും കൂദാശകളും എന്ന ഗ്രന്ഥത്തിന്റെ ഒന്നാംഭാഗം സഭയുടെ വിവിധ വശങ്ങൾ വ്യക്തമാക്കുന്ന ആഴമായ പഠനങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ഈ രംഗത്തെ ഏക ആധികാരികകൃതി അത്രെ.

1) വരുവാനിരിക്കുന്ന മശിഹാ, താൻ തന്നെയാകുന്നുവെന്നു നമ്മുടെ കർത്താവു സമ്മതിക്കുന്നുണ്ട്. ''വരുവാനുള്ളവൻ നീയോ?, അല്ല ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കുണമോ?—എന്നിങ്ങനെ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർ ചോദിച്ചപ്പോൾ, കർത്താവു നിഷേധിക്കാതെ അനുകൂലമായ മറുപടിയാണു കൊടുക്കുന്നത്. 'കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നു; ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു. എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതു യോഹന്നാനെ ചെന്ന് അറിയിപ്പിൻ' (ലൂക്കോ 18:23, മത്തായി 11:26) ഇതു മശിഹായെപ്പറ്റി ഏശായ 33:5 ലും ഏശായ 61:1–3 ലും പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ പൂർത്തീകരണമാകയാൽ, താൻ മശിഹായാണെന്നുള്ളതിലേക്കു ഒരു പ്രധാന ആധാരമാണെന്നുള്ളതാകുന്നു വ്യംഗ്യാർത്ഥം.

നസറേത്തിലെ യഹൂദന്മാരുടെ പ്രാർത്ഥനാലയത്തിൽ വച്ചും ഏശായ 61:1–3 ന്റെ പൂർത്തീകരണക്കാരനായ മശിഹാ (അഭിഷിക്തൻ) താനാകുന്നുവെന്നു സ്പഷ്ടമായി കർത്താവു പറയുന്നുണ്ട്. പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാനെഴുന്നേറ്റു നിന്നപ്പോൾ ഏശായ പ്രവാചകന്റെ പുസ്തകം വായിപ്പാൻകൊടുത്തു. 61–ാം അദ്ധ്യായം വിടുത്തി വായിച്ചു. 'ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്—' താൻ അവരോടു പറഞ്ഞു, 'ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയാൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു.' (ലൂക്കോ 4:16–21)

2) താൻ മശിഹായാകുന്നുവെന്നുള്ള കാര്യം സ്വയം പ്രസ്താവിക്കുക മാത്രമല്ല, മറ്റാളുകൾ താൻ മശിഹായാകുന്നുവെന്നുള്ള നിലയിൽ തന്റെ ദൈവത്വത്തേയും രാജത്വത്തേയും, ദാവീദുവംശത്തിലുള്ള ജനനത്തേയുംപറ്റി പ്രസ്താവിക്കുമ്പോൾ നിഷേധിക്കുകയോ, വിരോധിക്കുകയോ ചെയ്യാതെ സമ്മതിക്കുന്നതായത്രേ കാണുന്നത്.

a നഥാനിയേൽ പറയുന്നു, 'റബീ ! നീ ദൈവപുത്രൻ നീ ഇസ്രായേലിന്റെ രാജാവ്'' (യോഹ 1:49)

b പത്രോസ് പറയുന്നു; 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു.' (മത്താ. 16:16; മർക്കോ: 8:29, ലൂക്കോ 9:20) പത്രോസിനു ലഭിച്ചതായ മറുപടിപ്രത്യേകം ശ്രദ്ധാർഹമാണ്. 'ബർയോനാ ശിമോനെ, നീ ഭാഗ്യവാൻ; ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്ക് ഇതു വെളിപ്പെടുത്തിയത്''(17–ാം വാക്യം) വേറൊരവസരത്തിലും പത്രോസ് ഇതുപോലെ പ്രസ്താവിക്കുന്നുണ്ട്''. (യോഹ 6:69) 'കർത്താവെ! ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്നും ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു'.

c തോമ്മാ ശ്ലീഹാ. 'എന്റെ കർത്താവും എന്റെ ദൈവവുമെ''. (യോഹ 20:28).

d കുരുടന്മാർ: . 'ദാവീദുപുത്രാ! ഞങ്ങളോടു കരുണ തോന്നണമേ.' (മത്തായി 9:27)

e ഓശാന പാടിയവർ: 'ദാവീദു പുത്രന് ഓശാന; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; അത്യുന്നതങ്ങളിൽ ഓശാന' (മത്തായി 21:9)

f ഭൂതഗ്രസ്ഥർ: 'ദൈവപുത്രാ, ഞങ്ങൾക്കും നിനക്കും തമ്മിലെന്ത്.' (മത്തായി 8:29; ലൂക്കോ 4;34)

ഈ പ്രസ്താവനകളെല്ലാം കർത്താവ് എതിർക്കാതെ സമ്മതിക്കുന്നതായത്രെ കാണുന്നത്.

3) മശിഹായുടെ കാലത്തുണ്ടായ ആത്മപ്രബുദ്ധത ഇതു പ്രത്യേകം ശ്രദ്ധാർഹമാണ്. അതു ഏശായ, യോവേൽ, സക്കറിയാ മുതലായവരുടെ പ്രവചനാനുസൃതമാണ്. (ഏശായ 11:1 2; യോവേൽ 2:28–29; സക്ക. 12:10 ഈ പരിശുദ്ധാത്മ പ്രവാഹത്തിന്റെ ഉറവസ്ഥാനം യേശുമശിഹായായിരുന്നു. കന്യകയുടെ ഗർഭത്തിൽ പരിശുദ്ധാത്മാവിനാൽ താൻ ഉരുവായിത്തീർന്നു. (മത്താ 1:20; ലൂക്കോ 1:35) യോർദ്ദാനിലെ സ്നാനവേളയിൽ പരിശുദ്ധാത്മാവു തന്റെ മേൽ ഇറങ്ങി വസിച്ചു. (ലൂക്കോ. 3:22) പരിശുദ്ധാത്മാവു നിറഞ്ഞവനായി കർത്താവു യോർദ്ദാൻ വിട്ടു മരുഭൂമിയിൽ നാല്പതു ദിവസം ഉപവസിച്ചിട്ട് പിശാചിനെ തോല്പിച്ചശേഷം ആത്മശക്തിയോടെ ഗലീലയ്ക്കു ചെന്നു പരസ്യശുശ്രൂഷ ആരംഭിച്ചു (ലൂക്കോ 4:1–15)

കർത്താവു ആത്മാവുകൊണ്ടു നിറഞ്ഞവൻ മാത്രമായിരുന്നില്ല, ആത്മാവിനെ മറ്റുള്ളവർക്കും അവ മുഖാന്തിരമായി വേറുള്ളവർക്കും പകർന്നുകൊടുക്കുന്നതിനു കഴിവുള്ളവനായിരുന്നു. (യോഹ 4:14) ശ്ലീഹാന്മാരുടെമേൽ താൻ ഊതി അവർക്കു പരിശുദ്ധാത്മാവിനെ കൊടുത്തു. (യോഹ20:22) ഈ ആത്മദാനത്തെപ്പറ്റി താൻ സവിസ്തരം പ്രതിപാദിക്കുന്നതു് യോഹന്നാന്റെ സുവിശേഷം 14 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്നുണ്ട്. (യോഹ 14:16–19, 26; 15:26; 16:7-16). യോർദ്ദാനിൽവച്ച് കർത്താവിന്റെ മേലെന്നപ്രകാരം, പെന്തിക്കൊസ്തിനാളിൽ ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവ് ആവസിച്ചു. (യോവേൽ 2:28–29; അപ്പൊ.2) പിന്നീടുള്ള അവരുടെ പ്രവൃത്തികൾ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആയിരുന്നതുകൂടാതെ കൈവച്ചു പരിശുദ്ധാത്മാവിനെ മറ്റുള്ളവർക്കുകൊടുക്കുന്നതിന് അവർക്കു കഴിയുകയും ചെയ്തിരുന്നു. (അപ്പോ 8:17;19:6)

4) കർത്താവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളെല്ലാം പ്രവചന നിവൃത്തിയാകുന്നുവെന്നു വി. വേദം സാക്ഷിക്കുന്നു.

കന്യകയിൽനിന്നുള്ള ജനനം ഏശാ 7:14); ജനനസമയം (മലാഖി 3:1; ജനനസ്ഥലം (മീഖാ 5:2); മ്ഗുശേന്മാരുടെ ആരാധന (സങ്കീ.72; ഏശാ. 60) മിസ്രേമിലേക്കുള്ള ഓടിപ്പോക്ക് (ഹോശ. 11:1); നിർദ്ദോഷികളായ പിഞ്ചുപൈതങ്ങളുടെ കൂട്ടക്കൊല (യിര. 31:15;) മുന്നോടി (ഏശാ 40: 3-4; മാലാഖി 3:1,4:5); മനുഷ്യപ്രകാരമുള്ള ജനനം (ഏശായ. 11:1; യിര 23:5; 33:15; ഉല്പത്തി 3:15) പ്രവർത്തനവും ഉദ്യോഗവും (ഏശായ. 59:20; യിര 33:13–16) മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള ആചാര്യത്വം സങ്കീ 110:4) മോശയെപ്പോലെയുള്ള പ്രവാചകൻ (ആവ :18:15); ജാതികളുടെ മാനസാന്തരം (ഏശായ 11:10; 42:1,45:22-23; 49;6; യോവേൽ 2:32); ഗലീലയിലെ ശുശ്രൂഷ (ഏശായ 9:1-2); അത്ഭുതപ്രവൃത്തികൾ (ഏശായ 35:5—6;42:6, 53:4) പരിശുദ്ധാത്മനിറവ് (സങ്കീ.45:7, ഏശായ 11:2,42:1, 61:1–2); സുവിശേഷപ്രസംഗം (ഏശായ 2:3; 61:1 മീഖാ 4;2); ദേവാലയ ശുദ്ധീകരണം (സങ്കീ 69:9: സ്നേഹിതനെ ഒറ്റികൊടുക്കുന്നത് (സങ്കീ :41:9); 55:12—13, സക്കറിയാ 13:6); മുപ്പതുവെള്ളിക്കാശ് (സക്ക 11:12); ഒറ്റികൊടുത്തവന്റെ മരണം (സങ്കീ 109:8); ഒററുസംഖ്യ ദേവാലയത്തിൽ എറിയുന്നത് (സക്കറി 11:13); ശിഷ്യന്മാർ വിട്ട് ഓടിപ്പോകുന്നത് (സക്ക. 13:7) കാരണംകൂടാതെയുള്ള ദോഷാരോപണങ്ങൾ (സങ്കീ. 27:12; 35:11,109:2, 2:-12); ആരോപണങ്ങൾക്കുമുമ്പിൽ മൗനം ദീക്ഷിക്കുന്നത് (സങ്കീ. 38:13, യേശായ 53:7); പരിഹാസം (സങ്കീ 22:7—8, 109:25); അടിയും തുപ്പലും (ഏശായ 50.9); ക്രൂശാരോഹണവും വസ്ത്രത്തിനു ചീട്ട് ഇട്ടതും (സങ്കീ 22:14:18) കുടിപ്പാൻ ചൊറുക്കാ കൊടുക്കുന്നതു് (സങ്കീ 69:21); കുരിശിൽ തറച്ചവർക്കുവേണ്ടിയുള്ള പ്രാത്ഥന. (സങ്കീ 109:4) കുരിശിൽവച്ചുള്ള നിലവിളി (സങ്കീ 22:1, 31:5) കള്ളന്മാരോടുകൂടെയുള്ള മരണം (ഏശായ 53:9—12) ക്രൂശാരോഹണവേളയിലുണ്ടായ പ്രകൃതിവിഭ്രമങ്ങൾ (ആമോസ് 5:20, സക്ക:14.4,6) അങ്കിക്കായി ചീട്ടിട്ടതു് (സങ്കീ 22:18); ശരീരം കുത്തിതുളച്ചതു് (സങ്കീ. 22;16, സക്കാ 12:10, 13:6); അസ്ഥികൾ ഒടിയാതിരുന്നതു്. (സങ്കീ 34:20); പരാർത്ഥമായ പങ്കപാടുകൾ (Vicarious suffering) (ഏശായ 53:4–6,12); പുനരുത്ഥാനം (സങ്കീ. 16:10,30:3, ഏശായ 6:2); സ്വർഗ്ഗാരോഹണം (സങ്കീ 24:7-10,68:18; 110:1) പിതാവാം ദൈവത്തിന്റെ വലതുഭാഗത്തുള്ള ആസ്ഥാനവും വാഴ്ചയും (സങ്കീ.45:6, 7,11:1–3); ന്യായവിധിക്കായുള്ള രണ്ടാമത്തെ വരവ് (സങ്കീ .50:3—6; ദാനീ 7:13–14; സക്ക. 14;4—8); ഇവയെല്ലാം പ്രവചന നിവൃത്തിയാണ് (ലൂക്കോ 24:24. കാണുക)

തിരുവെഴുത്തുകളുടെ ഇപ്രകാരമുള്ള പൂർത്തീകരണ മഹാത്ഭുതമാകുന്നു. 'വരാനുള്ളവൻ നീയോ, മറ്റൊരുവനായി ഞങ്ങൾ നോക്കി പാർക്കണമോ?' ഈ ചോദ്യങ്ങൾക്കു സന്ദേഹമായ യാതൊരു മറുപടിയും പറയേണ്ടതായിട്ടില്ല. യഹൂദന്മാരുടെ രക്ഷകനായി അവർ നോക്കിപ്പാർത്തിരുന്ന മശിഹാ നസ്റേത്തിലെ യേശുവാകുന്നുവെന്ന് തന്റെ ജീവി

(ശേഷം 6–ാം പേജിൽ)

## അമൃതബിന്ദുക്കൾ!



### എഴുപത്തിനാല്

സൽപ്രവൃത്തിയിൽ നിന്നല്ലോ
സംതൃപ്തിയുളവായിടൂ.

### എഴുപത്തിയഞ്ച്

ദൈവഭക്തി നരന്നേകും
മൃതിയിൽനിന്നു മോചനം.

### എഴുപത്തിയാറ്

മന:ശാന്തി മാനവന്നു
പ്രാണഹർഷം പകർന്നിടും.

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

## മാനേജ്മെൻറും സെക്രട്ടറിയേററും തുടർച്ച

(2–ാം പേജിൽനിന്നും)

ഗ്രഹത്തിൻെറ വലിപ്പം എത്രയെന്ന് ഏവരും ചിന്തിക്കേണ്ടതാണ്. 15 വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിൽ ഒരിടവക വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ അന്നത്തെ ബാഹ്യകേരള ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി (ഇപ്പോഴത്തെ പ: കാതോലിക്കാ ബാവാ) ഒഴികെ ഏവർക്കും അത് ഒരു പേടിസ്വപ്നവും ആവശ്യമില്ലാത്ത ഒരു ചിന്തയുമാണെന്ന് സഭയുടെ മിക്ക നേതാക്കന്മാരും ഈ ലേഖകനോടുതന്നെ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം വളർന്നതും വളർന്നുകൊണ്ടിരിക്കുന്നതുമായ നമ്മുടെ സഭയ്ക്കും ആധുനികമായ ചില ഭരണക്കുടങ്ങളും ക്രമീകരണങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ ഇവയൊന്നുമില്ല എന്ന അർത്ഥത്തിലോ, ചിന്തയിലോ അല്ല ഇതെഴുതുന്നതെന്ന് പ്രത്യേകം എടുത്തുപറയട്ടെ.

### സഭ 35 വർഷങ്ങൾക്കു മുമ്പ്

35 വർഷങ്ങൾക്ക് മുമ്പ് കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, അങ്കമാലി, കൊച്ചി, മലബാർ, ബാഹ്യകേരളം എന്നീ എട്ടു ഭദ്രാസനങ്ങൾ മാത്രമായിരുന്നു നമ്മുടെ സഭയുടെ സമ്പത്ത്. ഇതിൽ കുറഞ്ഞത് മൂന്ന് ഭദ്രാസനങ്ങളെങ്കിലും കക്ഷിവഴക്കുകൊണ്ട് നാമമാത്രമായിരുന്നു. കാലം ചെയ്ത പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ അദ്ധ്യക്ഷനും, പാമ്പാടി മാർ ഗ്രീഗോറിയോസ്, മാർ തേവോദോസ്യോസ്, നിരണം ഇടവകയുടെ മാർ ദീവന്നാസ്യോസ് കണ്ടനാടിൻെറ മാർ തീമോത്തിയോസ് (മാർ ബസ്സേലിയോസ് ഔഗേൻ ബാവാ) എന്നിവരുടെ ഭരണകാലം ഓർക്കുന്നവർ മനസ്സിലാക്കിയിട്ടുള്ളത് ഒരു ചെറിയ കുടുംബത്തിലെ ഭരണസംവിധാനവും ആത്മീയ ചൈതന്യം നിറഞ്ഞ ജീവിതവും സഭാജനങ്ങൾക്ക് അനുഭവമുള്ള കാര്യമാണ്. ജനങ്ങളെ തിരുമേനിമാർ സ്നേഹിച്ചിരുന്നതും, തിരുമേനിമാരെ ദൈവസമം ഭക്തിയോടെ കരുതിയിരുന്നതുമായ ഉറച്ച സ്നേഹത്തിൻെറയും, ഭക്തിയുടേയും കലവറയാണ് ഇന്നത്തെ വളർന്ന സഭയുടെ അടിത്തറ. 1953ൽ മാർ ഈവാനിയോസ്, മാർ പീലക്സിനോസ്, മാർ പത്രോസ് ഒസ്താത്തിയോസ് ബാഹ്യകേരളത്തിൻെറ മാർ അത്താനാസ്യോസ് (ഇപ്പോഴത്തെ പ: ബാവാ തിരുമേനി) മാർ കൂറിലോസ് എന്നീ തിരുമേനിമാരുടെ വാഴ്ചയോടുകൂടി നവീനയുഗത്തിൻെറ അഭ്യസ്ഥവിദ്യരായ അഞ്ചു തിരുമേനിമാർ നമ്മുടെ പാവപ്പെട്ട സഭയെ ഭക്തിയോടും ശക്തിയോടും ധീരതയോടും നയിക്കുവാൻ തുടങ്ങി. ബാഹ്യകേരള ഭദ്രാസനത്തിൻെറ അസൂയാർഹമായ വളർച്ചയാണ് നമ്മുടെ സഭയെ ലോകസഭയാക്കി മാററിയത്. ഭാരതത്തിൻെറ എല്ലാ മുക്കിലും മൂലകളിലും ട്രെയിനിൽ യാത്ര ചെയ്തുകൊണ്ട് വളരെ അധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിച്ച് ജീവിതമാർഗ്ഗം അന്വേഷിച്ച് കടന്നുപോയ സഭാമക്കൾക്ക് പള്ളിയും ആരാധനയുമായി കടന്നുചെന്ന് സഭയെ ലോകമൊക്കെയിലും വളർത്തിയെടുത്ത ഉറച്ച സഭാവിശ്വാസിയും പണ്ഡിതനുമായ ആധുനിക പൗലോസ് ശ്ലീഹായാണ് നമ്മുടെ സഭയുടെ പരമാദ്ധ്യക്ഷനായ ഇപ്പോഴത്തെ പ: ബാവാ തിരുമേനി. എല്ലാ തിരുമേനിമാരും വളരെ ബുദ്ധിമുട്ടുകൾ സഹിച്ച് തങ്ങളാൽ കഴിയുന്ന എല്ലാ സേവനവും സഭക്കുവേണ്ടി ചെയ്തു. അന്നത്തെ വളർച്ചയുടേയും ഉയർച്ചയുടേയും പ്രധാന കാരണം തിരുമേനിമാരുടെ വിനയമായ ജീവിതവും ജനങ്ങളോടുള്ള സ്നേഹവും, സഭയ്ക്കുവേണ്ടിയുള്ള ത്യാഗജീവിതവും ആയിരുന്നു എന്നത് ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

### നമ്മുടെ സഭയുടെ മാനേജർ

മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനപ്രകാരവും കാനോനികമായും, പാരമ്പര്യംകൊണ്ടും നമ്മുടെ സഭയുടെ മാനേജർ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബാവാ തിരുമേനിയാണ്. മെത്രാപ്പോലീത്തന്മാർ അദ്ദേഹത്തിൻെറ സഹായികളും നമ്മുടെ തിരുമേനിമാർ നല്ല ഭരണപാടവമുള്ളവരുമാണ്. 1960 വരെയുണ്ടായിരുന്ന പരിശുദ്ധ സുന്നഹദോസിന് വളർന്നുവരുന്ന സഭയെ ഭരിക്കുവാൻ ആധുനികസംവിധാനങ്ങൾ ആവശ്യമായിരുന്നില്ല. എന്നാൽ ഇന്ന് വിദ്യാഭ്യാസംകൊണ്ടും, മററല്ലാ ഉയർച്ചകളാലും അനുഗ്രഹിക്കപ്പെട്ട നമ്മുടെ ജനങ്ങളെ ആത്മീകമായും, ഭരണപരമായും, സഭയോടുള്ള വിശ്വാസത്തിലും ദൈവഭക്തിയിലും വളർത്തിക്കൊണ്ട് വരുവാൻ ആധുനിക സജ്ജീകരണങ്ങൾ വളരെ അത്യാവശ്യമാണ്. അതുകൊണ്ടാകാം കേന്ദ്രത്തിലും ഭദ്രാസനങ്ങളിലും സെക്രട്ടറിയേററ് ഉണ്ടാകണമെന്ന ആശയം അലയടിച്ചുകൊണ്ടിരിക്കുന്നത്. ആവിഷ്ക്കരിക്കപ്പെടുന്ന പുതിയ സെക്രട്ടറിയേററുകൾക്ക് ആവശ്യമായി ചില നിർദ്ദേശങ്ങൾകൂടി എഴുതിക്കൊള്ളട്ടെ.

തുടരും

## വചനത്തിൻെറ സുവർണ്ണം

(1–ാം പേജിൽനിന്നും തുടർച്ച)

യതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. വളരെ മഹത്തായ ഒരു കർമ്മംകൂടി ഇന്ന് നമുക്ക് നിർവ്വഹിക്കാനുണ്ട്. പരേതൻെറ ഒരു ഛായാചിത്രം ഇന്ന് ഇവിടെ അനാഛാദനം ചെയ്ത് സ്ഥാപിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ഈ സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുള്ള അനേകരുടെ ഹൃദയങ്ങളിൽ ആ ദിവ്യനായ മനുഷ്യസ്നേഹിയുടെ ചിത്രം ഇന്നും, എന്നാളും മങ്ങാതെനില്ക്കും. ഈ ആശുപത്രിയുടെ മേൽനോട്ടം വഹിച്ചിരുന്ന കാലത്തെല്ലാം അദ്ദേഹത്തിൻെറ സാന്നിദ്ധ്യം എന്നും ഈ സ്ഥാപനത്തിൽ ഉണ്ടായിരുന്നു. അതിൻെറ സ്മരണ ഈ സ്ഥാപനത്തിൽ ഉണ്ടായിരിക്കും എന്നുള്ളതിൻെറ പ്രതീകമായിട്ടാണ് ഇന്ന് ഇവിടെ ഈ ചിത്രം സ്ഥാപിക്കുന്നത്. ഈ കർമ്മം നിർവ്വഹിക്കുന്നതിൽ നമുക്ക് ഹൃദയം നിറഞ്ഞ സന്തോഷമാണുള്ളത്. ചാക്കോപ്പിള്ളയുടെ ജീവചരിത്രം കെ. വി. മാമ്മൻ തയ്യാറാക്കിയത് കെ. എം. മാത്യു ഇന്ന് ഇവിടെ പ്രകാശനം ചെയ്യുന്നതായും നാം അറിയുന്നു. വളരെ നല്ലകാര്യം തന്നെ. ശരീരപ്രകാരം ചാക്കോപ്പിള്ള നമ്മിൽനിന്നും വേർപിരിഞ്ഞെങ്കിലും അദ്ദേഹത്തിൻെറ ആത്മാവ് എപ്പോഴും ഈ സ്ഥാപനത്തോടുകൂടെ ഉണ്ടാകും, ഈ സ്ഥാപനത്തിനുവേണ്ടി കാരുണ്യവാനായ ദൈവത്തിൻെറ സന്നിധിയിൽ മദ്ധ്യസ്ഥത സമർപ്പിക്കും എന്ന് നാം വിശ്വസിക്കുന്നു. ആയത് സംഭവിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു.

നാമും ചാക്കോപ്പിള്ളയും തമ്മിൽ വളരെക്കാലത്തെ അടുത്ത ബന്ധമുണ്ട്. നമ്മോട് വളരെയേറെ ബഹുമാനവും, ഭക്തിയുമുള്ള ഒരു മനുഷ്യനായിരുന്നു അദ്ദേഹം. നമുക്കും അദ്ദേഹത്തോട് വലിയ സ്നേഹവും താൽപ്പര്യവുമായിരുന്നു. നാം ഇന്ന് താമസിക്കുന്ന ദേവലോകം അരമനയുടെ ആദ്യഘട്ടം പണികൾ നിർവ്വഹിച്ചത് ചാക്കോപ്പിള്ളയാണ്. നമ്മുടെ വലിയ ബാവായുടെ ഒരു ആഗ്രഹമായിരുന്നു അത്. വലിയ ബാവായ്ക്ക് പുതിയ അരമന കെട്ടിടത്തിൽ താമസിക്കണമെന്നുള്ള ആഗ്രഹം ചാക്കോപ്പിള്ളയെ അറിയിച്ചു. അദ്ദേഹം സാമ്പത്തിക പരാധീനതകൾ നോക്കാതെ സ്തുത്യർഹമാംവിധം വളരെ വേഗം പണികൾ തീർക്കുകയും ചെയ്തു. അതുമൂലം വലിയ ബാവായ്ക്ക് പുതിയ അരമനയിൽ താമസിക്കുവാൻ ഇടയായി. അതിൻെറ നന്ദിസൂചകമായി വലിയ ബാവാ ചാക്കോപ്പിള്ളയെ ഒരു മോതിരം അണിയിച്ചു. ഒരു വലിയ ദിവ്യമായ നിധി എന്നപോലെ തൻെറ ആയുഷ്ക്കാലമെല്ലാം ചാക്കോപ്പിള്ള അത് സൂക്ഷിച്ചിരുന്നു. ഇന്ന് ആ മോതിരം അയാളുടെ മകനും ഈ ആശുപത്രിയുടെ ഇപ്പോഴത്തെ ട്രഷററുമായ നമ്മുടെ വാത്സല്യവാൻ ജോയി അണിയുന്നുണ്ട്. പിതാവിൻെറ കാലടികൾ ആ പുത്രൻ പിന്തുടരും എന്ന് നാം കരുതുന്നു.

തുടരും

## വൈദീകർ ദൗത്യബോധം (തുടർച്ച)

(1–ാം പേജിൽനിന്നുംതുടർച്ച)

ന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പാശ്ചാത്യനാടുകളിലുള്ള ഇളംതലമുറയ്ക്ക് സഭയുടെ വിശ്വാസാചാരങ്ങൾ സംഗതമാക്കുവാൻ വൈദികർക്കേ സാധിക്കൂ. മാർ മക്കാറിയോസ് കൂട്ടിച്ചേർത്തു അതിലേക്ക് ഉണർന്ന് കൈകോർത്തു പ്രവർത്തിക്കുവാനും ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും അദ്ദേഹം വൈദികരെ ആഹ്വാനംചെയ്തു.

82–ാം വയസിലേക്കു കടന്ന സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസിലേക്ക് വൈദികയോഗം ജന്മദിനാശംസകൾ നേർന്നു.

പരിശുദ്ധ കാതോലിക്കാ ബാവായോടും ഭദ്രാസനമെത്രാപ്പോലീത്തായോടുമുള്ള ഭക്തിയും കൂറും ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം യോഗം പാസാക്കി. ക്വീൻസ് മാർ ഗ്രീഗോറിയോസ് ഇടവക വികാരി ഫാ. ജേക്കബ് ഫിലിപ്പ് അവതരിപ്പിച്ച പ്രമേയത്തിൻെറ അനുവാദകൻ ഭദ്രാസന സെക്രട്ടറി ഫാ. ടി. എ. തോമസ് ആയിരുന്നു.

'ക്രിസ്തീയ ജീവിതം–ഒരു വെല്ലുവിളി' എന്ന കുറിവാക്യത്തെക്കുറിച്ച് മെത്രാപ്പോലീത്താ ക്ളാസ് നയിച്ചു. തുടർന്നുനടന്ന ചർച്ചയിൽ തോമസ് മുണ്ടുകുഴി കോർ എപ്പിസ്കോപ്പാ, ചെറിയാൻ നീലാങ്കൽ കോർ എപ്പിസ്ക്കോപ്പാ, ഫാ. പി. സി. ഗീവർഗീസ്, ഫാ. ടി. എ. തോമസ്, ഫാ. കെ. മത്തായി, ഫാ. ജോയി ശ്ളീബി, ഫാ. സി. ജെ. ജോൺസൺ, ഫാ. ജേക്കബ് ഫിലിപ്പ്, ഫാ. കെ. വി. ഗീവർഗീസ്, ഫാ. ജേക്കബ്, ഫാ. സി. എം. അലക്സാണ്ടർ, ഫാ. സി. കെ. രാജൻ, ഫാ. അലക്സാണ്ടർ കുര്യൻ പങ്കെടുത്തുസംസാരിച്ചു.

ഭദ്രാസന സെക്രട്ടറി ഫാ. ടി. എ. തോമസ് സ്വാഗതവും ഫാ. പി. സി. ഗീവർഗീസ് കൃതജ്ഞതയും പറഞ്ഞു.

## മദ്രാസ് മെഡിക്കൽ മിഷൻ...

(1–ാം പേജിൽനിന്നുംതുടർച്ച)

സൗകര്യം നൽകുന്നുണ്ട്.

സങ്കീർണ്ണവും വ്യാമിശ്രവുമായ ഹൃദ്രോഗ പരിശോധനയ്ക്കും ശസ്ത്രക്രിയയ്ക്കും ആവശ്യമായ യന്ത്രസാമഗ്രികളും മററുപകരണങ്ങളും ഒന്നരക്കോടി രൂപാ വിലയ്ക്കുള്ളവ വിദേശങ്ങളിൽനിന്നും മററുമായി വാങ്ങിയിട്ടുണ്ട്. അത്യാധുനികങ്ങളായ ഉപകരണങ്ങൾ പരിശോധനയ്ക്കും മററും ഉപയോഗിക്കുന്നതുമൂലം അമേരിക്കയിലും മററും ലഭ്യമാകുന്നതുപോലെയുള്ള ചികിൽസ ഇവിടെയും ലഭ്യമാണ്. നവീന ചികിൽസാക്രമങ്ങളിൽ വിദഗ്ദ്ധരായ ഭിഷഗ്വരൻമാരുടെ സേവനം വിദേശങ്ങളിൽനിന്നും ലഭ്യമാക്കാനുള്ള ക്രമീകരണവും സംവിധാനം ചെയ്തിട്ടുണ്ട്. ഡോക്ടർമാരുടെ സഹായികളായി, ഫിസിക്സ് കെമിസ്ട്രി മുതലായ വിഷയങ്ങളിൽ ബിരുദം നേടിയിട്ടുള്ള ഏതാനും പേരെ ഇവിടെത്തന്നെ പരിശീലിപ്പിക്കാനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഒരു വർഷംകൊണ്ട് പൂർത്തിയാകുന്ന ഈ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 500 രൂപാ സ്റ്റൈപ്പെൻഡ് പ്രതിമാസം നൽകുന്നതുമാണ്. യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പരിശീലനം ലഭിച്ചിട്ടുള്ള ഏതാനും നഴ്സുകൾക്കും ജോലിക്ക് അപേക്ഷിക്കാവുന്നതാണ്.

രോഗികളെ സൗഖ്യപ്പെടുത്തുന്നതും, ആതുരരെ സഹായിക്കുന്നതും ക്രിസ്തീയ ദൗത്യനിർവ്വഹണമാണല്ലോ. ഈ ആദർശമാണ് ''മദ്രാസ് മെഡിക്കൽമിഷ്യ''ൻെറലക്ഷ്യം. ദൈവദത്തമായ ധനം, ആരോഗ്യം, സമയം, ജ്ഞാനം മുതലായവ ആവശ്യക്കാർക്ക് പങ്കുവെക്കുന്നത് ക്രിസ്തീയ കാര്യവിചാരകത്വത്തിൻെറ വിശ്വസ്ത വിനിയോഗംതന്നെ. തൻമൂലം ദൈവത്തിന് മഹത്വവും കൃതജ്ഞതയും അർപ്പിക്കുവാൻ നമുക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു.

5000 രൂപാവീതം അംഗത്വവിഹിതം നൽകി 104 പേർ മദ്രാസ് മെഡിക്കൽമിഷ്യൻെറ അംഗത്വം സമ്പാദിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനും മററുമായി 15% പലിശനിരക്കിൽ, 10,000/–രൂപ, 5,000/–രൂപാ വീതം നിക്ഷേപിക്കുന്നവർക്കായി ഒരു കടപ്പത്ര പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതു കൂടാതെ, ഉദാരമായ സംഭാവനകൾ നൽകിയും ഈ സ്ഥാപനത്തെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. സ്വന്തമായി വാങ്ങിയിട്ടുള്ള സ്ഥലത്ത് ആവശ്യമായ സജ്ജീകരണങ്ങൾ ക്രമീകരിച്ച് ആശുപത്രി അവിടേക്ക് കാലവിളംബം കൂടാതെ മാററുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഇത്രയും ബൃഹത്തായ ഒരു സ്ഥാപനം ആരംഭിക്കാൻ ഇടയാക്കിയ സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഇതിൻെറ വിജയത്തിനായി അഹോരാത്രം പ്രയത്നിക്കുന്ന ഭാരവാഹികളെ അഭിനന്ദിക്കുന്നു. നമ്മുടെ പ്രിയങ്കരനായ ഡോക്ടർ കെ. എം. ചെറിയാൻെറ ത്യാഗപൂർണ്ണമായ സേവനങ്ങളെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഈ പ്രസ്ഥാനത്തിൽ സഹകരിച്ചിട്ടുള്ളവരും സഹകരിക്കാനിരിക്കുന്നവരുമായ ഏവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ലേഖനം തുടർച്ച

(5–ാം പേജിൽനിന്നുംതുടർച്ച)

തത്തിലെ ഓരോ സംഭവവും വിളിച്ചുപറയുന്നുണ്ട്.

5) താൻ മശിഹായാകുന്നുവെന്നു കർത്താവ് സമ്മതിക്കുകയും, പ്രസ്താവിക്കുകയും മാത്രമല്ല, താൻ സ്ഥാപിച്ച സഭയെ പുതിയ ഇസ്രായേലായി പരിഗണിക്കുകയും ചെയ്യുന്നു.

(തുടരും)

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam–2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam–686 038